## കേരള ഗവർണ്ണർ

# ശ്രീ എച്ച്. ആർ. ഭരദ്വാജ്

## 2012 മാർച്ച് 1–ാം തീയതി

# കേരള നിയമസഭയിൽ ചെയ്ത പ്രസംഗം

ബഹുമാനപ്പെട്ട സ്പീക്കർ, ബഹുമാന്യരായ നിയമസഭാംഗങ്ങളെ,

1. പതിമൂന്നാം കേരള നിയമസഭയുടെ 2012-ലെ ആദ്യ സമ്മേളനത്തിലേയ്ക്ക് ഞാൻ നിങ്ങളെ ഏവരേയും ഹാർദ്ദമായി സ്വാഗതം ചെയ്യുന്നു. എന്റെ വിശിഷ്ടനായ മുൻഗാമി ശ്രീ. എം. ഒ. എച്ച്. ഫറൂഖിന്റെ രോഗാവസ്ഥയിലും തുടർന്നുള്ള അദ്ദേഹത്തിന്റെ ദുഃഖകരമായ ദേഹവിയോഗത്താലുണ്ടായ ദൗർഭാഗ്യകരമായ സാഹചര്യത്തിലുമാണ് ഞാൻ ഈ സംസ്ഥാനത്തിന്റെ ഗവർണ്ണറായി ചുമതലയേറ്റത്. വേർപിരിഞ്ഞ മഹാനായ ഈ സുഹൃത്തിന്റെ ആത്മാവിന് ആദരാഞ്ജലികൾ അർപ്പിക്കുന്നതിൽ ഞാൻ നിങ്ങളോടൊപ്പം ചേരുകയും ഈ സംസ്ഥാനത്തോട് അദ്ദേഹത്തിനുണ്ടായിരുന്ന സ്നേഹത്തിനും ഇവിടുത്തെ ജനങ്ങളുടെ സൗഖ്യത്തിനും ക്ഷേമത്തിനുംവേണ്ടി അർപ്പണ ബോധത്തോടുകൂടിയുള്ള അദ്ദേഹത്തിന്റെ യത്നങ്ങൾക്കും ഞാൻ അദ്ദേഹത്തെ ആദരിക്കുകയും ചെയ്യുന്നു.

2. യുഡിഎഫ് സർക്കാർ സംസ്ഥാനത്തിന്റെ വികസനം ത്വരിതപ്പെടുത്തുന്നതിനായി 2001 മുതൽ 2006 വരെ നിരവധി പദ്ധതികൾ മുൻഗണനാ അടിസ്ഥാനത്തിൽ

ആവിഷ്കരിച്ചിട്ടുണ്ടായിരുന്നു. നിർഭാഗ്യവശാൽ, ഈ സുപ്രധാന പദ്ധതികളിൽ പലതും അകാരണമായി ഉപേക്ഷിക്കപ്പെടുകയോ അവഗണിക്കപ്പെടുകയോ ചെയ്യുകയുണ്ടായി. തത്ഫലമായി സംസ്ഥാനത്തിന്റെ വികസന ഗതിവേഗം കുറയുകയും ചെയ്തു. സ്മാർട്ട് സിറ്റി, കൊച്ചി മെട്രോ, വിഴിഞ്ഞം എന്നിവ ഈ അവഗണന അനുഭവിക്കേണ്ടിവന്ന പ്രധാനപ്പെട്ട പദ്ധതികളിലെ ചുരുക്കം ചില ഉദാഹരണങ്ങൾ ആണ്. നമ്മുടെ ഗ്രാമങ്ങളുടെയും പട്ടണങ്ങളുടെയും മുഖച്ഛായ മാറ്റുവാൻ കഴിയുമായിരുന്നതും നമ്മുടെ സംസ്ഥാനത്തെ ജനങ്ങളിൽ ശ്രദ്ധേയമായ മാറ്റം വരുത്തുവാനും കഴിയുമായിരുന്ന കേന്ദ്ര സഹായ പദ്ധതികൾ പോലും നടപ്പിലാക്കുന്നതിനുള്ള വിലയേറിയ അവസരങ്ങൾ നഷ്ടപ്പെടുത്തുകയുണ്ടായി. കേന്ദ്ര ഫണ്ടുകൾ യഥാസമയം വിനിയോഗിക്കാത്തതിനുപുറമെ ഇടുക്കി, വയനാട്, കുട്ടനാട് എന്നീ പ്രദേശങ്ങൾക്കായുള്ള പ്രത്യേക പാക്കേജുകൾ പോലും മുരടിക്കുന്നതിന് ഇടയാക്കി.

**3.** സംസ്ഥാനത്തിന്റെ വികസനം ഫലത്തിൽ തടസ്സപ്പെട്ടുപോയ ഈ ഒരു ഘട്ടത്തിലായിരുന്നു ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള എന്റെ സർക്കാർ അധികാരത്തിൽ വന്നത്. എന്റെ സർക്കാർ, കഴിഞ്ഞ ഒൻപത് മാസങ്ങൾക്കുള്ളിൽ വ്യത്യസ്തമായ രാഷ്ട്രീയ കാഴ്ചപ്പാട്

പുലർത്തുന്നവർ ഉൾപ്പെടെ ജീവിതത്തിന്റെ എല്ലാ തുറകളിലുമുള്ള നമ്മുടെ ജനങ്ങളുടെ ആദരവും പ്രശംസയും പിടിച്ചുപറ്റിയിട്ടുണ്ട്.

**4.** എന്റെ സർക്കാർ, സംസ്ഥാനത്തെ ജനങ്ങളുടെ നന്മയ്ക്കായി പ്രവർത്തിക്കുകയെന്ന കർത്തവ്യത്തിൽ സ്വയം സമർപ്പിതമാണ്. മുഖ്യമന്ത്രി പ്രഖ്യാപിച്ച 100 ദിന കർമ്മപരിപാടി, എന്റെ സർക്കാർ അതിന്റെ പദ്ധതികളും വാഗ്ദാനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുമെന്ന വ്യക്ത മായ സന്ദേശം പ്രതിഫലിപ്പിച്ചു. എന്റെ സർക്കാർ, സംസ്ഥാനത്തെ ബി.പി.എൽ. (BPL) കുടുംബങ്ങൾക്ക് കിലോയ്ക്ക് ഒരു രൂപ നിരക്കിൽ 25 കിലോഗ്രാം അരി നൽകുമെന്ന വാഗ്ദാനം നിറവേറ്റിയിട്ടുണ്ട്. ഇപ്പോൾ, ഒരു വർഷത്തേയ്ക്കുള്ള സമൂർത്തമായ കർമ്മപദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതെല്ലാം വിജയകരമായി നടപ്പിലാക്കിവരുന്നു.

**5.** എന്റെ സർക്കാരിന്, ഊർജ്ജസ്വലവും ചലനാത്മകവും ഉത്തരവാദിത്വമുള്ളതും, എല്ലാത്തിനുമുപരി കരുതലുള്ള ഒന്നായും മാറാൻ കഴിഞ്ഞിട്ടുണ്ട്. ജനങ്ങളെ ക്ഷമാപൂർവ്വം കേൾക്കുന്നതിനും അവരുടെ സന്തോഷങ്ങളും സങ്കടങ്ങളും പങ്കുവയ്ക്കുന്നതിനും അവരുടെ യഥാർത്ഥവും അടിയന്തിരവുമായ ആവശ്യങ്ങൾക്ക് പരിഹാരം കാണുന്നതിനും

ഉള്ള യാതൊരു അവസരവും പാഴാക്കാതെ മുഖ്യമന്ത്രിയും മറ്റു മന്ത്രിമാരും ജനങ്ങളുമായി നിരന്തര സമ്പർക്കത്തിലാണ്. ജില്ലകളിലെ 'ജനസമ്പർക്ക പരിപാടി'കളുടെ ആദ്യഘട്ടം ശ്രദ്ധേയമായ വിജയമായിത്തീരുകയും നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾ നേരിടുന്ന ആയിരക്കണക്കിന് പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഹായകമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഈ 'ജനസമ്പർക്ക പരിപാടികളിൽ' വന്നിട്ടുള്ള പൗരന്മാർക്ക് അടിയന്തിര ആശ്വാസം നൽകുകയെന്ന അടിയന്തിര ദൗത്യത്തിനുമപ്പുറം പോകുന്നതിന് എന്റെ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ഈ പരിപാടിയിൽ നിന്നും പാഠങ്ങൾ ഉൾക്കൊണ്ടുകൊണ്ടും അതിനെ വിശകലനം ചെയ്തുകൊണ്ടും ചിട്ടയുള്ളതും ശാശ്വതവുമായ പരിഹാരമാർഗ്ഗങ്ങൾ സർക്കാരിന്റെ വിവിധ തലങ്ങളിൽ ചർച്ചചെയ്ത് കണ്ടെത്തുന്നതിന് ഉറച്ച നടപടി സ്വീകരിച്ചിട്ടുണ്ട്. 24 മണിക്കൂറും പ്രവർത്തിക്കുന്ന, മുഖ്യമന്ത്രിയുടെ 24/7 കാൾസെന്റർ, തങ്ങളുടെ സങ്കടം ബോധിപ്പിക്കുന്നതിനായി ഈ സംവിധാനം ഉപയോഗപ്പെടുത്തുന്ന ആയിരക്കണക്കിന് ആളുകൾക്ക് വേഗത്തിലും ഫലപ്രദമായും ആശ്വാസം നൽകുന്നതിനുള്ള സിരാകേന്ദ്രമായി വർത്തിക്കുന്നു.

**6.** എന്റെ സർക്കാരിന്, ഈ കാലയളവിൽ, അതിന്റേതായ വെല്ലുവിളികൾ അഭിമുഖീകരിക്കേണ്ടതായി വന്നിട്ടുണ്ട് എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ഇവയിൽ മുഖ്യമായത് മുല്ലപ്പെരിയാർ പ്രതിസന്ധിയായിരുന്നു. മുല്ലപ്പെരിയാറിൽ ഒരു പുതിയ ഡാം നിർമ്മിക്കുന്ന കാര്യത്തിൽ കക്ഷിഭേദ പരിഗണനകൾക്കുപരിയായി സംസ്ഥാനത്തിന്റെ ഐക്യവും ഏകാഭിപ്രായവും പ്രകടിപ്പിച്ച ഈ സഭയുടെ നിലപാടിനെ ഞാൻ അഭിനന്ദിക്കുന്നു. തമിഴ്നാട്ടിലേയും കേരളത്തിലേയും ജനങ്ങൾ തമ്മിൽ ദീർഘകാലമായി നിലനിൽക്കുന്ന ഊഷ്മളവും സൗഹാർദ്ദപരവുമായ ബന്ധം നിലനിറുത്തുന്നതും പരിപോഷിപ്പിക്കുന്നതും ഉറപ്പാക്കാൻ എന്റെ സർക്കാർ അതീവ താല്പര്യമെടുക്കുമ്പോഴും "തമിഴ്നാടിന് ജലം കേരളത്തിന് സുരക്ഷ" എന്ന തത്വത്തെ അടിസ്ഥാനമാക്കി ഒരു പുതിയ ഡാം പണിയുന്നതിന് പ്രതിജ്ഞാബദ്ധമായ പതറാത്ത പ്രവർത്തനങ്ങൾ തുടർന്നു കൊണ്ട് ഈ പ്രതിസന്ധിയ്ക്ക് രമ്യമായ പരിഹാരം സ്വാഗതം ചെയ്യുന്നു.

7. എന്റെ സർക്കാർ, ഉയർന്ന സാമ്പത്തിക വളർച്ചയുടെയും സാമൂഹ്യവികസനത്തിന്റെയും പാതയിൽ സംസ്ഥാനത്തെ എത്തിക്കുന്നതിനുള്ള കർത്തവ്യം ഏറ്റെടുത്തിട്ടുള്ളതിനാൽ വരുംവർഷം 'വിഷൻ 2030' എന്ന ബാനറിൻ കീഴിൽ സംസ്ഥാനത്തിനുവേണ്ടി ഒരു ദീർഘകാല വികസന കാഴ്ചപ്പാടോടുകൂടിയ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്. ഇത്, വിദഗ്ധർ, പ്രൊഫഷണലുകൾ, സർക്കാരിതര സംഘടനകൾ, രാഷ്ട്രീയ കക്ഷികളുടെ

പ്രതിനിധികൾ, പൗരസമൂഹം എന്നിവരുമായി കൂടി ആലോചിച്ച് വികസിപ്പിച്ചെടുക്കുന്ന മേഖല തിരിച്ചുള്ള പ്രവർത്തന സമ്പ്രദായങ്ങളുടെയും നയങ്ങളുടെയും രൂപരേഖ അടങ്ങുന്ന ഒരു വിഷൻ ഡോക്യുമെന്റ് ആയിരിക്കുന്നതാണ്. ഈ പദ്ധതിയുടെ അന്തർലീനവും ഏകോപിതവുമായ ആശയം വികസനവും കരുതലും അനുകമ്പയും എന്നത് ആയിരിക്കുന്നതാണ്. നോളഡ്ജ് സിറ്റി, ഉൾനാടൻ ജല പാതകളും തീരദേശ ഗതാഗതവും, ആയുർവേദം, വൈദഗ്ധ്യവികാസം, വിനോദ സഞ്ചാരം, വിവര സാങ്കേതിക വിദ്യ എന്നിവപോലെ സംസ്ഥാനത്തിന്റെ അനുകൂലമായ സാഹചര്യങ്ങൾ നില നിൽക്കുന്ന മേഖലകളിൽ വിദഗ്ധ ഇൻപുട്ടും പ്രധാന മന്ത്രിയുടെ ഉപദേഷ്ടാവായ ശ്രീ. സാം പിട്രോഡയുടെ മേൽ നോട്ടവും ഈ മേഖലകളിലെ നേട്ടങ്ങൾക്ക് ആക്കം കൂട്ടുന്നതിന് ഉപയോഗിക്കുന്നതാണ്.

**8.** എന്റെ സർക്കാർ, അതിന്റെ പ്രതീക്ഷാത്മകമായ വികസന കാഴ്ചപ്പാടിന് അനുസൃതമായി, 40,022 കോടി രൂപ അടങ്കൽ തുകയുള്ള പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ സ്ഥാനത്ത്, 2012 ഏപ്രിൽ 1 മുതൽ നടപ്പിലാക്കുന്നതിനുള്ള 1,05,000 കോടി രൂപ അടങ്കൽ തുകയുള്ള പന്ത്രണ്ടാം

പഞ്ചവത്സര പദ്ധതിയ്ക്കായുള്ള രൂപരേഖ തയ്യാറാക്കിയിട്ടുണ്ട്. ആകെ പദ്ധതിയുടെ മൂന്നിൽ ഒന്ന് ഭാഗത്തോളം അനുവദിക്കപ്പെട്ടിരുന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിനോ അവയ്ക്ക് അനുവദിച്ച തുക ചെലവഴിക്കുന്നതിനോ സാധിച്ചിരുന്നില്ല എന്നത് പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഒരു പ്രധാന ന്യൂനതയായി കണ്ടെത്തിയിട്ടുണ്ട്. എന്നിരുന്നാലും, പദ്ധതികളുടെ അംഗീകാരത്തിന് അഞ്ചും ആറും, ചില കേസുകളിൽ അതിൽ കൂടുതലും, മാസങ്ങൾ എടുക്കുന്നതു കൊണ്ട് പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിന് മതിയായ സമയം ലഭ്യമാകുന്നില്ല എന്നതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ ഇക്കാര്യത്തിൽ കുറ്റപ്പെടുത്തുന്നത് നീതി യുക്തമല്ല. ആയതുകൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കു വേണ്ടി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അവലംബിച്ചിരിക്കുന്ന 'ഫൈവ് ഇയർ പ്ലാൻ സൈക്കിളിന് ' സമാനമായ രീതിയി ലേയ്ക്ക് മാറുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുകയും ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പിൽ ഒരു വൻ മുന്നേറ്റം ഉണ്ടാക്കുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നു.

**9.** 2003-ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റ് നിലവിൽവന്നതോടെ സംസ്ഥാനത്ത് ആരംഭിച്ച

ധനസമാഹരണ പ്രക്രിയ സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ സുപ്രധാനമാണെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. അന്ന് മുതൽ, സംസ്ഥാനം അതിന്റെ ധനസംബന്ധമായ സൂചകങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ബഹുദൂരം മുന്നോട്ട് പോയിട്ടുണ്ട്. മൊത്തം 1935 കോടി രൂപ വരുന്ന 'സ്റ്റേറ്റ് സ്പെസിഫിക്ക് ഗ്രാന്റും' കടാശ്വാസസഹായവും സംസ്ഥാനത്തിന് ലഭിക്കുന്നതിനു വേണ്ടി സംസ്ഥാനത്തിന്റെ ധനസംബന്ധമായ ഉത്തരവാദിത്ത ആക്റ്റിൽ ചില ഭേദഗതികൾക്ക് പതിമൂന്നാം ധനകാര്യ കമ്മീഷൻ ശുപാർശ ചെയ്തിട്ടുണ്ട്. എന്റെ സർക്കാർ അധികാരത്തിൽ വന്ന ഉടൻതന്നെ ഭേദഗതി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുകയും സംസ്ഥാനത്തിന് ഈ ഗ്രാന്റുകൾ നഷ്ടപ്പെടുകയില്ലെന്ന് ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

**10.** സംസ്ഥാനത്തെ ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തേണ്ടതിന്റെ പരമ പ്രാധാന്യം എന്റെ സർക്കാർ തിരിച്ചറിയുന്നു. കൊച്ചി മെട്രോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതിന് സാധ്യമായ എല്ലാ പരിശ്രമങ്ങളും നടത്തിവരുന്നു. ഈ പദ്ധതി ഇപ്പോൾ ഭാരത സർക്കാരിന്റെ 'പബ്ലിക് ഇൻവെസ്റ്റ്മെന്റ് ബോർഡിന്റെ' അനുമതിയ്ക്കായി കാത്തിരിയ്ക്കുകയാണ്. അതേസമയം, ഈ പദ്ധതി സമാരംഭി ക്കുന്നതിലേയ്ക്ക് ആവശ്യമായ എല്ലാ പ്രാരംഭ പ്രവർത്തന

ങ്ങളും 'കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് ' സമയബന്ധിതമായി പൂർത്തീകരിച്ചുവരുന്നു. കോഴിക്കോട്, മെഡിക്കൽ കോളേജ് ജംഗ്ഷൻ മുതൽ രാമനാട്ടുകര വരെയുള്ള 23 (ഇരുപത്തിമൂന്ന്) കിലോമീറ്റർ ദൂരം ഒരു മോണോ റെയിൽ പദ്ധതി നടപ്പിലാക്കുന്നതാണ്. പള്ളിപ്പുറം മുതൽ നെയ്യാറ്റിൻകരവരെ നീളുന്ന മറ്റൊരു മോണോ റെയിൽ പദ്ധതിയ്ക്കുള്ള സാദ്ധ്യതാ പഠനം പൂർത്തീകരിച്ചിട്ടുണ്ട്. ഡൽഹി മെട്രോ റെയിൽ കോർപ്പറേഷൻ തയ്യാറാക്കിയ, തിരുവനന്തപുരം മുതൽ കാസറഗോഡ് വരെയുള്ള നിർദ്ദിഷ്ട അതിവേഗ റെയിൽ ഇടനാഴി പദ്ധതിയുടെ സാധ്യതാപഠന റിപ്പോർട്ട് എന്റെ സർക്കാർ പരിശോധിച്ചുവരുന്നു.

**11.** വടക്കൻ കേരളത്തിന്റെ ചിരകാല സ്വപ്നമായ കണ്ണൂർ വിമാനത്താവളം ഗണ്യമായ പുരോഗതി കൈവരിച്ചു എന്നുള്ളത് സന്തോഷകരമായ ഒരു കാര്യമാണ്. വിമാനത്താവളത്തിന്റെ വിശദമായ പ്രോജക്ട് റിപ്പോർട്ട് 2012 ഏപ്രിൽ മാസത്തോടെ പൂർത്തിയാകുന്നതും ഈവർഷം അവസാനത്തോടെ റൺവേയുടെ പണി ആരംഭിക്കാൻ കഴിയുന്നതുമാണ്. പത്തു ലക്ഷം ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണമുള്ളതും തിരക്കുള്ള സമയങ്ങളിൽ നാലായിരം യാത്രക്കാരെ ഉൾക്കൊള്ളാൻ കഴിയുന്നതുമായ കൊച്ചി വിമാനത്താവള

ത്തിന്റെ പുതിയ അന്താരാഷ്ട്ര ടെർമിനൽ 'സിയാൽ' (CIAL) ഡയറക്ടർ ബോർഡ് അംഗീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ മൊത്തം ചെലവായ 400 കോടി രൂപ അതിന്റെ സ്വന്തം ഫണ്ടിൽ നിന്നും വഹിക്കുന്നതാണ്. തിരുവനന്തപുരം വിമാനത്താവളം കൂടുതൽ വികസിപ്പിക്കുന്നതും അതിനുവേണ്ടി 82 ഏക്കർ ഭൂമി ഏറ്റെടുക്കുവാനായി നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കോഴിക്കോട് വിമാനത്താവളത്തിന്റെ വികസന പ്രവർത്തനങ്ങൾ 137 ഏക്കർ ഭൂമിയുടെ ഏറ്റെടുക്കൽ പൂർത്തിയായ ശേഷം ഘട്ടം ഘട്ടമായി നടപ്പാക്കുന്നതാണ്.

**12.** അഴിമതിയ്ക്കുള്ള ഏറ്റവും നല്ല മറുമരുന്ന് സുതാര്യത യാണെന്ന വസ്തുതയ്ക്ക് എന്റെ സർക്കാർ പ്രത്യേക പ്രാധാന്യം നൽകുന്നു. സാധാരണക്കാരന് മനസ്സിലാകുന്ന രീതിയിൽ വിവരങ്ങളുടെ നിർബന്ധിത വെളിപ്പെടുത്തലുകൾ എല്ലാ വകുപ്പുകളിലും നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്ത് ലോക് ആയുക്തയെ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്. നിയമവിരുദ്ധ പ്രവർത്തനങ്ങൾ സംബന്ധിച്ച രഹസ്യ വിവരം നൽകുന്നവരെ പ്രോത്സാഹിപ്പിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നതാണ്. സേവനം പ്രദാനം ചെയ്യുന്നതിനും പരാതിപരിഹാരത്തിനും നിയമ പരിരക്ഷ നൽകുന്നതാണ്.

**13.** നമ്മുടെ സംസ്ഥാനത്തെ ജനങ്ങൾക്ക് സേവനം ഫലപ്രദമായി പ്രദാനം ചെയ്യുന്നതിന് വളർച്ചയുടേയും വികസനത്തിന്റേയും സർക്കാർ നയരേഖകളോട് പ്രതിബദ്ധതയുള്ള ഉത്തരവാദിത്തപ്പെട്ട ഒരു ഉദ്യോഗസ്ഥവൃന്ദമാണ് ആദ്യം വേണ്ടതെന്ന് എന്റെ സർക്കാർ ദൃഢമായി വിശ്വസിക്കുന്നു. എന്റെ സർക്കാർ, ജീവനക്കാരുടെ പ്രശ്നങ്ങളും പരാതികളും ഉൾക്കൊള്ളുന്നതും സർക്കാർ നയങ്ങളും പരിപാടികളും പ്രവൃത്തിപഥത്തിൽ കൊണ്ടുവരുന്നതിന് അവരുടെ പൂർണ്ണ സഹകരണത്തോടെ മുന്നോട്ട് പോകുന്നതാണ്. ഈ ലക്ഷ്യത്തിനായി, ജീവനക്കാരുടെ കഴിവുകളിലും സമീപനങ്ങളിലും ഊന്നൽ നല്കി അവരുടെ ശേഷി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. പരിശീലന നയം നിലവിലുള്ള ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. എല്ലാ ഉദ്യോഗസ്ഥർക്കും നിർബന്ധിത ഇൻഡക്ഷൻ ട്രെയിനിംഗിനുപുറമെ ഉയർന്ന പദവികളിലേക്കുള്ള സ്ഥാനക്കയറ്റത്തിന് അർഹത നേടുന്നതിനായി വിവിധ ഘട്ടങ്ങളായുള്ള പരിശീലനത്തിനും വിധേയമാകത്തക്കവിധം സംസ്ഥാന പരിശീലന നയം പരിഷ്കരിക്കുന്നതാണ്. ഭരണ നിർവ്വഹണത്തിൽ നൂതന മാർഗ്ഗങ്ങളും നല്ല സമ്പ്രദായങ്ങളും കണ്ടെത്തി അംഗീകരിക്കുന്നതിനുവേണ്ടി എന്റെ സർക്കാർ ഈ മേഖലകളിലുള്ള മികവിന് അവാർഡുകൾ ഏർപ്പെടുത്തുന്നതാണ്. ഈ പ്രക്രിയ സുസ്ഥിര

മാക്കുന്നതിന് 'ഐ. എം. ജി.' (IMG)-യിൽ ഒരു 'സെന്റർ ഓഫ് ഗുഡ് ഗവേർണൻസ് ' സ്ഥാപിക്കുന്നതാണ്.

**14.** ഗ്രാമങ്ങളിലെയും നഗരങ്ങളിലെയും മാലിന്യ നിർമ്മാർജ്ജനത്തിന് കേരളം പോലെ ജനസാന്ദ്രതയുള്ള സംസ്ഥാനം അഭിമുഖീകരിക്കുന്ന വെല്ലുവിളികൾ എന്റെ സർക്കാർ മനസ്സിലാക്കുന്നു. മാലിന്യ സംസ്കരണത്തിൽ, ഒന്നാമതായി പ്ലാസ്റ്റിക് ഉൾപ്പെടെ ജൈവവിഘടിത തോത് കുറഞ്ഞ മാലിന്യമായും ഓർഗാനിക്കും ജൈവവിഘടിതവുമായ മാലിന്യമായും തരംതിരിക്കുകയും രണ്ടാമതായി, വികേന്ദ്രീകൃത മാലിന്യ സംസ്കരണ യൂണിറ്റുകൾക്ക് ഊന്നൽ നൽകുകയും മൂന്നാമതായി ആധുനിക സാങ്കേതികവിദ്യയുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ഒരു ത്രിമാന തന്ത്രം സ്വീകരിക്കുന്നതാണ്. ഇത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ട എല്ലാവരുടെയും ധാരണയോടെയും സഹകരണത്തോടെയും ഉചിതമായ പരിഹാരങ്ങളും നയങ്ങളും കണ്ടെത്തേണ്ടതുണ്ട്. വിവിധ നഗര-തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ മാലിന്യ സംസ്കരണത്തിനുള്ള സൗകര്യങ്ങൾ സാങ്കേതികമായി ഉയർത്തുന്നതിനാണ് പ്രധാനമായും ശ്രദ്ധപതിപ്പിക്കേണ്ടത്. ഇതിനായി പ്രധാനപ്പെട്ട നഗര-തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ 'ശുചിത്വ വർഷം പ്രോജക്റ്റി'ന്റെ ഭാഗമായി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ഒലിച്ചിറങ്ങാത്തതും ദുർഗന്ധമുണ്ടാക്കാത്തതും

കൂട്ടിയിടുകയോ കഴിച്ചുമൂടുകയോ ചെയ്യേണ്ടതില്ലാത്ത ശുചിത്വ മുള്ളതും മാലിന്യമുക്തവുമായ സാങ്കേതിക വിദ്യകളായ നീറ്റൽ, ഇക്കോസൈക്കിളിംഗ്, പൈറോളിസിസ് പോലുള്ള ആധുനിക ഖരമാലിന്യ നിർമ്മാർജ്ജന ഉപാധികൾ എല്ലാ പ്രധാനപ്പെട്ട നഗര-തദ്ദേശ ഭരണ സ്ഥാപനങ്ങളിലും നടപ്പിലാക്കുന്നതാണ്. കേരളത്തിൽ പ്രാദേശിക മാലിന്യസംസ്കരണ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്. വീടുകളിലും സ്ഥാപനങ്ങളിലുമുള്ള ഖരമാലിന്യങ്ങളുടെ ഉറവിടത്തിൽ തന്നെ സംസ്കരണം പ്രോത്സാഹിപ്പിക്കുകയും പ്ലാസ്റ്റിക്ക് ചെറുകഷണങ്ങളാക്കുന്ന യൂണിറ്റുകൾ ആരംഭിക്കുന്നതുമാണ്. മാലിന്യമുക്ത കേരളം (waste-free-Kerala) കർമ്മ പദ്ധതി നടപ്പിലാക്കുന്നതിനു വേണ്ടി ശുചിത്വമിഷന്റെ പ്രവർത്തനങ്ങൾ വിപുലീ കരിക്കുന്നതാണ്. കേരളത്തിന് 'നിർമ്മൽ സ്റ്റേറ്റ് ' പദവി ഉറപ്പ് വരുത്തുന്നതിന് സമ്പൂർണ്ണ ശുചിത്വ ക്യാംപെയിൻ-ന്റെ ലക്ഷ്യങ്ങൾ കൈവരിക്കുന്നതാണ്.

**15.** കേരളം, പ്രത്യേകിച്ചും, കഴിഞ്ഞ രണ്ടു ദശക ങ്ങളിലായി ഫലപ്രദവും പങ്കാളിത്തത്തോടുകൂടിയതുമായ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മികവാർന്ന ഒരു ശ്രേണി പടുത്തുയർത്തിയിട്ടുണ്ട്. സർക്കാർ സേവനങ്ങൾ പൊതു ജനങ്ങൾക്ക് പ്രദാനം ചെയ്യുന്നത് മെച്ചപ്പെടുത്തുന്നതിന് അവയുടെ നടത്തിപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ

വഴിയാക്കുക എന്നത് പരമ പ്രധാനമാണെന്ന് എന്റെ സർക്കാർ തിരിച്ചറിയുന്നു. ആദ്യമായി, ഗ്രാമ പഞ്ചായത്തുകൾ നൽകി വരുന്ന വിവിധ സേവനങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പൗരാവകാശ രേഖ പ്രസിദ്ധീകരിക്കുകയുണ്ടായി. 'സാംഖ്യ' (sankhya) എന്ന കംപ്യൂട്ടർവൽകൃത ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായം എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കുന്നതാണ്. തിരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്തു കളിൽ 'ഗ്രാമങ്ങളിലേക്ക് ' എന്ന ലക്ഷ്യത്തോടെ 'ഗ്രാമയാത്ര' നടത്തുന്നതും വാർഡുതല 'ജനകീയ കമ്മീഷൻ' ഗ്രാമസഭകളുടെ പ്രവർത്തനം സംബന്ധിച്ച് പഠനം നടത്തുന്നതും ഈ സംവിധാനത്തിലെ ന്യൂനതകൾ കണ്ടെത്തുന്നതുമാണ്. ഈ ന്യൂനതകൾ പരിഹരിക്കുന്നതിനും ഗ്രാമസഭകളെ തദ്ദേശ ജനാധിപത്യത്തിന്റെ ക്രിയാത്മകവും ജീവസ്സുറ്റതും ആയ യന്ത്രങ്ങളാക്കുന്നതിനും എന്റെ സർക്കാർ നടപടികൾ സ്വീകരി ക്കുന്നതാണ്. വരുന്ന റൂറൽ ഗ്ലോബൽ മീറ്റിൽ ജനകീയ കമ്മീഷന്റെ സമാഹൃത റിപ്പോർട്ടുകൾ അവതരിപ്പിക്കുന്നതാണ്. നാടൻ കലകളുടെ പുനരുജ്ജീവനം, സായാഹ്ന സാംസ്കാരിക കൂട്ടായ്മകൾ, കലാ-കായിക വിനോദങ്ങൾ എന്നിവ ലക്ഷ്യമിട്ട് എല്ലാ ഗ്രാമ പഞ്ചായത്തുകളിലും കലാഗ്രാമങ്ങൾ ആരംഭിക്കുന്ന താണ്. വമ്പിച്ച ജനശ്രദ്ധ ആകർഷിച്ച പാലിയേറ്റീവ് കെയർ പ്രോഗ്രാം ശേഷിക്കുന്ന പഞ്ചായത്തുകളിലേക്ക് കൂടി വ്യാപിപ്പി

ക്കുന്നതാണ്. ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ സഹകരണത്തോടെ 'സീറോ വേസ്റ്റ് ' കർമ്മ പരിപാടി പ്രോത്സാഹിപ്പിക്കുന്നതിനായി 100 പഞ്ചായത്തുകളിൽ കൂടി 'ഗ്രീൻ ടെക്നോളജി സെന്റർ ' (Green Technology Centres)-കൾ ആരംഭിക്കുന്നതാണ്. എന്റെ സർക്കാർ, ഭരണ നിർവ്വഹണത്തിന്റെയും നിലവാരത്തിന്റെയും അടിസ്ഥാനത്തിൽ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉന്നത നിലവാരമുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കുകയും നൽകുകയും ചെയ്യുന്നതിൽ സുപ്രധാനമായ സ്ഥാനം കൈവരിച്ച 'കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ' (KILA) ഒരു കൽപിത സർവ്വകലാശാലയായി അംഗീകരിച്ചുകിട്ടുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്.

**16.** സംസ്ഥാനത്തുടനീളം ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട പുതിയ ഭരണ നിർവ്വാഹകർ ചുമതലയേറ്റ കുടുംബശ്രീയെ സംബന്ധിച്ചിടത്തോളം 2012 പ്രത്യേക പ്രാധാന്യമുള്ള വർഷമാകുന്നു. ദാരിദ്ര്യ നിർമ്മാർജ്ജനത്തിനുള്ള 'ആജീവിക' (Aajeevika) എന്ന അഭിമാനാർഹമായ കേന്ദ്ര പദ്ധതി ഈ വർഷം സമാരംഭിക്കുന്നതാണ്. കുടുംബശ്രീയിലുള്ള 38 ലക്ഷം സ്ത്രീകളുടെ വിശദവിവരങ്ങൾ ഉൾക്കൊള്ളുന്ന എം.ഐ.എസ്. (MIS)-ഉം ഡിജിറ്റൽ ഡാറ്റാ ബേസും

കമ്മ്യൂണിറ്റി നെറ്റ്‌വർക്കുകളെ ഇ-ഗവേർണൻസിന്റെ ലോക ത്തേയ്ക്ക് കടക്കുന്നതിന് പ്രാപ്തമാക്കുകയും ആയത് പ്രാദേശിക സാമ്പത്തിക വികസനത്തിനായുള്ള വിശാലമായ അവസരങ്ങൾ തുറന്നുകൊടുക്കുന്നതുമാണ്. അഗതികളെ പുനരധിവസിപ്പിക്കുന്ന തിന് വേണ്ടിയുള്ള ആശ്രയപദ്ധതി, ഒഴിവായിപോയിട്ടുള്ള അഗതികളെ കൂടി ഉൾപ്പെടുത്തുംവിധവും ദരിദ്ര കുടുംബങ്ങൾക്ക് നൽകിവരുന്ന സഹായം മെച്ചപ്പെടുത്തുംവിധവും നവീകരിക്കുന്ന താണ്. കുടുംബശ്രീയും നാഷണൽ ഹോർട്ടികോർപ്പ് മിഷനും നാളികേരവികസന ബോർഡും സംയുക്തമായി കാർഷിക വിപണന കേന്ദ്രങ്ങൾ തുടങ്ങുന്നതാണ്. എൽ.എസ്.ജി. (LSG) ഗവേർണൻസിന്റെ വികസനത്തിനും ശക്തിപ്പെടുത്തലിനും നിർണ്ണായകമാകുന്ന പ്രധാനപ്പെട്ട വിവിധ ഇ-ഗവേർണൻസും എം-ഗവേർണൻസും (മൊബൈൽ) പദ്ധതികൾ ഇൻഫർമേഷൻ കേരള മിഷൻ മുഖേന നടപ്പിലാക്കുന്നതാണ്. സംസ്ഥാനത്ത് ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികൾ നടപ്പിലാക്കുന്നതിനായി വിവിധ സ്വയം സഹായക സംഘങ്ങളെ പ്രോത്സാഹി പ്പിക്കുന്നതാണ്.

**17.** എന്റെ സർക്കാർ, നഗര മേഖലയിൽ, 'കേരള സസ്റ്റെയിനബിൾ അർബൻ ഡെവലപ്മെന്റ് പ്രോജക്റ്റിന്റെയും' (KSUDP) 'ജവഹർലാൽ നെഹ്റു നാഷണൽ അർബൻ

റിന്യൂവൽ മിഷന്റെയും' (JNNURM) കീഴിലുള്ള പദ്ധതികൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുന്നതിനായി ആവശ്യമായ പ്രചോദനം നൽകിയിട്ടുണ്ട്. കേരളത്തിലെ എല്ലാ മുനിസി പ്പാലിറ്റികളെയും ഗ്രാമപഞ്ചായത്തുകളെയും ഉൾപ്പെടുത്തി ക്കൊണ്ട് 200 മില്ല്യനിലധികം അമേരിക്കൻ ഡോളർ അടങ്കൽ വരുന്ന ഒരു ബൃഹത്തായ പുതിയ ലോകബാങ്ക് വികസന പദ്ധതി ആരംഭിക്കുന്നതാണ്. ഈ വർഷം തിരുവനന്തപുരത്ത് ഒരു പൈലറ്റ് പദ്ധതിയോടെ, കേരളത്തെ ഒരു ചേരിരഹിത സംസ്ഥാനമാക്കുന്നതിന് പ്രധാന കോർപ്പറേഷനുകളിൽ രാജീവ് ആവാസ് യോജന നടപ്പിലാക്കുന്നതാണ്.

**18.** പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിക്കാലത്ത്, എന്റെ സർക്കാർ, ഗ്രാമീണ വികസന പദ്ധതികളുടെയും എല്ലാ കേന്ദ്രസഹായ പദ്ധതികളുടെയും നടപ്പാക്കലിനുവേണ്ടി ഫല പ്രദവും കൂട്ടായതുമായ നടപടികൾ സ്വീകരിക്കുന്നതാണ്. മഹാത്മാഗാന്ധി എൻ. ആർ. ഇ. ജി. എസ്. (NREGS)-നു കീഴിൽ, ഓരോ കുടുംബത്തിലെയും ഒരാളിന് 100 ദിവസത്തെ തൊഴിൽ നൽകുന്നതിന് സംസ്ഥാനത്തെ അനുവദിച്ചിരു ന്നെങ്കിലും ഈ പദ്ധതിയിൻ കീഴിൽ 701.62 കോടി രൂപയുടെ മൊത്തം ചെലവോടെ, 42 ദിവസത്തെ തൊഴിൽ നൽകുവാനേ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുള്ളൂ. നടപ്പുവർഷത്തിൽ ചെലവ് ഇരട്ടിയാക്കാൻ എന്റെ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

മിക്കവാറും എല്ലാ ബ്ലോക്ക് പഞ്ചായത്തുകളിലും വാട്ടർ ഷെഡ് മാനേജ്മെന്റ് പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. പദ്ധതിച്ചെലവിന്റെ 40% സാധനസാമഗ്രികൾക്കുവേണ്ടി ചെലവഴിക്കാൻ പഞ്ചായത്തുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്. എന്റെ സർക്കാർ, എല്ലാ ഗ്രാമ, ബ്ലോക്ക് പഞ്ചായത്തുകളിലും രാജീവ് ഗാന്ധി ഭാരത് നിർമ്മാൺ സേവാ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇത്, നിർഭാഗ്യവശാൽ കഴിഞ്ഞ കാലങ്ങളിൽ ഫണ്ടുകൾ ഉപയോഗപ്പെടുത്തുന്നതിൽ, സംസ്ഥാനം പരാജയപ്പെട്ട കേന്ദ്ര ഫണ്ടോടുകൂടിയ ഒരു പദ്ധതിയാണ്. ഇന്ദിരാ ആവാസ് യോജനയ്ക്കും മറ്റെല്ലാ ഭവന പദ്ധതികൾക്കും കീഴിലുള്ള ഭവന നിർമ്മാണത്തിനുള്ള സഹായധനം പൊതു വിഭാഗത്തിന്, പട്ടികജാതിയുൾപ്പെടെ, രണ്ടു ലക്ഷം രൂപയായും പട്ടിക ഗോത്ര വർഗ്ഗങ്ങൾക്ക് രണ്ടര ലക്ഷം രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

**19.** പി. എം. ജി. എസ്. വൈ. (PMGSY)-യുടെ കീഴിലുള്ള പ്രവർത്തനങ്ങൾ നമ്മുടെ സംസ്ഥാനത്ത് തൃപ്തികരമായിരുന്നില്ല. ഏഴാം ഘട്ടം വരെ 976.02 കോടി രൂപ ചെലവ് വരുന്ന 2703.6 കി.മീ. ദൈർഘ്യമുള്ള 1903 റോഡുകൾക്ക് വേണ്ടിയുള്ള പദ്ധതികൾ സമർപ്പിച്ചിരുന്നു. അനുവദിച്ചിരുന്ന തുകയിൽ സംസ്ഥാനം ഉദ്ദേശം 60% മാത്രമാണ് ചെലവഴിച്ചത്. അതേ കാലയളവിൽ, ആന്ധ്രാപ്രദേശിനും തമിഴ്നാടിനും കർണ്ണാടകത്തിനും

യഥാക്രമം 4018.5 കോടി രൂപയും 2045.8 കോടി രൂപയും 3198 കോടി രൂപയും ഉള്ള പദ്ധതി അംഗീകാരം നേടിയെടുക്കു വാൻ കഴിഞ്ഞു. എന്റെ സർക്കാർ നിലവിലുള്ള എല്ലാ പി.എം.ജി.എസ്.വൈ (PMGSY) പ്രവർത്തികളും റീ ടെണ്ടർ ചെയ്തിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്ന പദ്ധതികൾ ഫലപ്രദ മായി മോണിറ്റർ ചെയ്തു വരികയുമാണ്.

**20.** സംസ്ഥാനത്ത് പാൽ, പച്ചക്കറി, മാംസം, മുട്ട എന്നിവയുടെ ഉത്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി സംസ്ഥാനത്തെ പ്രാപ്തമാക്കുന്നതിന് എന്റെ സർക്കാരിന് ഒരു പ്രതീക്ഷാത്മകമായ ലക്ഷ്യമുണ്ട്. കാർഷിക ഉത്പാദനക്ഷമതയിലൂടെ ഭക്ഷ്യോത്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കുവാൻ എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. ഇതിനായി കൃഷിയെ സുസ്ഥിരവും വിജയകരവുമായ ഒരു സംരംഭമാക്കി മാറ്റണമെന്നും വിശ്വസിക്കുന്നു. ഈ മേഖലയിൽ ഏറ്റെടുത്തിട്ടുള്ള വിവിധങ്ങളായ പ്രവർത്തനങ്ങൾക്ക് പുറമെ, വിവിധ പദ്ധതികളിലൂടെയുള്ള ധനസഹായം കർഷകർക്ക് ദ്രുതഗതിയിൽ നൽകുന്നതിന് സഹായകരമാകുന്നതരത്തിൽ രജിസ്ട്രേഷൻ വഴി കൃഷിഭവൻ തലത്തിൽ കർഷകരുടെ ഒരു ഡാറ്റാബേസ് ഈ വർഷം തയ്യാറാക്കുന്നതാണ്. കൂടുതൽ ഫലപ്രദമായ വിനിയോഗത്തിനായി ഇൻപുട്ട് സബ്സിഡി ആയി നൽകിവരുന്ന സഹായം, അടുത്ത വർഷം

പരീക്ഷണാടിസ്ഥാനത്തിൽ ഔട്ട്പുട്ട് അധിഷ്ഠിത സബ്സിഡിയായി മാറ്റുന്നതാണ്. നിലവിലുള്ള ഇൻഷുറൻസ് പദ്ധതി, വില സ്ഥിരത, പ്രകൃതിദുരന്ത സഹായം, ഇൻപുട്ട് സബ്സിഡി എന്നിവയ്ക്ക് പകരമായി കീടബാധയോ രോഗബാധയോ പ്രകൃതിദുരന്തമോ വിളകളുടെ വിലയിടിവോ കാരണം കൃഷിനഷ്ടം നേരിടുകയാണെങ്കിൽ തിരഞ്ഞെടുക്കപ്പെട്ട വിളകൾക്ക് 'വരുമാന ഭദ്രത' (income guarantee) എന്ന രീതിയിൽ കർഷകർക്ക് സഹായം നൽകുന്നതിനായി ഒരു പുതിയ പദ്ധതി ആരംഭിക്കുന്നതാണ്. കൃഷിവകുപ്പിനെ സംബന്ധിച്ചിടത്തോളം 2012-13 വർഷം 'ടെക്നോളജി ട്രാൻസ്ഫർ' വർഷമായി പ്രഖ്യാപിക്കുന്നതാണ്. എന്റെ സർക്കാർ, സംസ്ഥാനത്ത് ഉൽപാദിപ്പിക്കുന്ന 100% നെല്ലും സപ്ലൈകോ വഴി സംഭരിക്കുന്നതാണ്. നമ്മുടെ കാർഷി കോത്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി കേരളത്തിലെ തരിശ് ഭൂമി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് എന്റെ സർക്കാർ ഊന്നൽ നൽകും.

**21.** ക്ഷീരമേഖലയിൽ, സംസ്ഥാനത്ത് നിത്യേന വർദ്ധിച്ചുവരുന്ന പാലിന്റെ ആവശ്യകത എന്ന വെല്ലുവിളി നേരിടുന്നതിനായി എന്റെ സർക്കാർ, സ്വയം സജ്ജമായി ട്ടുള്ളതും, അതിനെ സ്വയംപര്യാപ്തമാക്കിക്കൊണ്ടിരിക്കുകയു മാണ്. എം. ജി. എൻ. ആർ. ജി. ജി. എസ്. (MGNRGGS) പദ്ധതിയിൽ ഡയറി ഫാമിംഗിന്റെ കീഴിൽ ചിലയിനങ്ങൾ കൂടി

ഉൾപ്പെടുത്താനുള്ള കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ തീരുമാനം സംസ്ഥാനത്തെ പാലുത്പാദനം വർദ്ധിപ്പിക്കാൻ സഹായകമാകും. സംസ്ഥാനത്ത് അത്യുത്പാദനശേഷിയുള്ള സങ്കരയിനം പശുക്കളുടെ ക്ഷാമം പരിഹരിക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്തെ എല്ലാ നവജാത പശുക്കിടാവു കളെയും ഗർഭാവസ്ഥ മുതൽ പ്രായപൂർത്തിയാകുന്നതുവരെ ശാസ്ത്രീയമായി പരിപാലിക്കുന്നതിന് കർഷകരെ സഹായി ക്കുന്ന ഒരു 'കന്നുകുട്ടി ദത്തെടുക്കൽ' (Calf Adoption) പദ്ധതി ആരംഭിക്കുന്നതാണ്. അത്യുൽപ്പാദനശേഷിയുള്ള സങ്കരയിനം പശുക്കളെ കൊണ്ടുവന്ന് 'മിൽക്ക് ഷെഡ് ' വികസന പരിപാടിക്ക് ഏറെ ഊന്നൽ നൽകുന്നതാണ്. ക്ഷീര സഹകരണ സംഘങ്ങളിൽ നിന്ന് ആവശ്യമായ ഫണ്ട് സ്വരൂപിച്ചുകൊണ്ട് ക്ഷീരോത്പാദന കേന്ദ്രങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ഒരു പുതിയ ധനകാര്യ സ്ഥാപനം രൂപീകരിക്കുന്നതാണ്. വരുംവർഷം ക്ഷീര സഹകരണസംഘങ്ങളുടെ എഴുപത് ശതമാനവും യന്ത്രവൽക്കരി ക്കുന്നതാണ്. സംസ്ഥാനത്ത് ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുന്ന പാലിന്റെ ഗുണമേന്മ ഉറപ്പാക്കുന്നതിന്റെ ആവശ്യകത തിരിച്ചറിഞ്ഞുകൊണ്ട് കാസറഗോഡ്, കോഴിക്കോട്, കോട്ടയം എന്നിവിടങ്ങളിൽ തുടങ്ങാൻ ഉദ്ദേശിച്ചിട്ടുള്ള മൂന്ന് മേഖലാ ക്ഷീരപരിശോധന ലബോറട്ടറികളിൽ ആദ്യത്തേത് സ്ഥാപി ക്കുന്നതാണ്. ''ക്ഷീര സൗഹൃദ പഞ്ചായത്തുകളിൽ' ഇരുപത് പുതിയ 'ഡയറി എക്സ്റ്റൻഷൻ സർവ്വീസ്'' യൂണിറ്റുകൾ

തുറക്കുന്നതാണ്. ഈ മേഖലയിലെ മറ്റു പ്രധാന പ്രവർത്തനങ്ങളിൽ എറണാകുളം മേഖലാ സഹകരണ ക്ഷീരോത്പാദന യൂണിയൻ നെയ്യ്, പാൽക്കട്ടി എന്നിവയുടെ കയറ്റുമതി ലക്ഷ്യമാക്കി സ്ഥാപിക്കുന്ന ഒരു യൂണിറ്റും മലബാർ മേഖലാ സഹകരണ ക്ഷീരോത്പാദന യൂണിയൻ സ്ഥാപിക്കുന്ന കാലിത്തീറ്റ മില്ലിങ് യൂണിറ്റും ഉൾപ്പെടുന്നതാണ്.

**22.** സംസ്ഥാന ആഭ്യന്തര ഉൽപാദനത്തിന്റെ പത്ത് ശതമാനം ലഭ്യമാക്കുന്ന മൃഗസംരക്ഷണ മേഖല കേരളത്തിന്റെ സാമൂഹിക സാമ്പത്തിക വികസനത്തിൽ പരമപ്രധാനമായ സ്ഥാനം വഹിക്കുകയും സമ്പദ്ഘടനയുടെ നെട്ടംതൂണായിത്തീരുമെന്ന് പ്രതീക്ഷിക്കപ്പെടുകയും ചെയ്യുന്നു. എന്റെ സർക്കാർ, വകുപ്പിന്റെ ഫാമുകൾ വഴി ഇൻപുട്ടുകൾ നൽകുന്നതിന് കൂടുതൽ ഊന്നൽ നൽകുന്നതിനും ആരോഗ്യ സംരക്ഷണവും മൃഗചികിത്സാ സേവനവും കർഷകരുടെ വീട്ടുപടിക്കൽ എത്തിക്കുന്നതിനും ഉദ്ദേശിക്കുന്നു. ഓരോ വർഷവും ജനിക്കുന്ന രണ്ട് ലക്ഷത്തോളം കന്നുകുട്ടികളുടെ ശാസ്ത്രീയമായ സംരക്ഷണവും പരിപാലനവും ലക്ഷ്യമാക്കി കന്നുകുട്ടി പരിപാലന പരിപാടി സമാരംഭിക്കുന്നതാണ്. കടപ്പനക്കുന്നിൽ ഒരു മൾട്ടി സ്പെഷ്യാലിറ്റി മൃഗചികിത്സാ കേന്ദ്രവും കാസറഗോഡ് ബേഡുഡുക്കയിൽ തദ്ദേശീയ കന്നുകാലി പ്രദർശന സംരക്ഷണ പരിപാടിയും, മലബാർ പ്രദേശത്തിനുവേണ്ടി കോഴിക്കോട് ജില്ലയിൽ ആധുനിക കാലിത്തീറ്റ പ്ലാന്റും, കുര്യോട്ടുമലയിലും

വിതുരയിലും ധോണിയിലും ആധുനിക ഡയറിഫാമുകളും, കൊല്ലം ജില്ലയിൽ കേരള പൗൾട്ടി വികസന കോർപ്പറേഷന്റെ ഒരു ഹൈടെക്ക് ലെയർ ഫാമും സ്ഥാപിക്കുക എന്നിവയാണ് ഈ മേഖലയിൽ ആസൂത്രണം ചെയ്തിട്ടുള്ള മറ്റ് പ്രധാന പരിപാടികൾ. 'മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യാ ലിമിറ്റഡ് ' ചാലക്കുടിയിൽ ഒരു ഹൈടെക്ക് മാംസ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുകയും നൈസ്സർഗ്ഗിക മാംസ ഉൽപാദനം (organic meat production) തുടങ്ങുകയും ചെയ്യുന്നതാണ്. കേരള ലൈവ് സ്റ്റോക്ക് വികസന ബോർഡ് ക്ഷീരകർഷകർക്കായി തദ്ദേശീയ ഇനത്തിൽപ്പെട്ട മൃഗങ്ങളുടെ സംരക്ഷണത്തിനും വ്യാപനത്തിനും ഉന്നതഗുണമേന്മയുള്ള ബൊവൈൻ ഭ്രൂണങ്ങളുടെ ഇറക്കുമതിയിലും, ഭ്രൂണകൈമാറ്റ സൗകര്യം വ്യാപിപ്പിക്കുന്നതിലും ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്.

**23.** എന്റെ സർക്കാർ, വ്യവസായ-നിക്ഷേപ പ്രോത്സാഹനത്തിലൂടെ സംസ്ഥാനത്തിന്റെ സമഗ്രവികസനം എന്ന കാഴ്ചപ്പാടോടുകൂടി ഒരു പുതിയ വ്യവസായനയം ആവിഷ്കരിച്ചുവരികയാണ്. അടിസ്ഥാന സൗകര്യ വികസനത്തിനുവേണ്ടി പൊതു-സ്വകാര്യ-പഞ്ചായത്ത് പങ്കാളിത്തം (PPPP) എന്ന ഒരു പുതിയ മാതൃക സ്വീകരിക്കുന്നതാണ്. പ്രധാന നഗരങ്ങളുടെ സമീപപ്രദേശങ്ങളിൽ, ആ പ്രദേശങ്ങളുടെ സാമ്പത്തിക വളർച്ചയ്ക്കുവേണ്ടി വ്യാപാര വാണിജ്യ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി വ്യാപാര

വാണിജ്യ മേഖലകൾ സ്ഥാപിക്കുന്നതാണ്. അടിസ്ഥാന സൗകര്യ വികസനത്തിൽ ഏർപ്പെട്ടിട്ടുള്ള പ്രമുഖ പൊതുമേഖലാ കോർപ്പറേഷനുകളായ കെ.എസ്.ഐ.ഡി.സി. (KSIDC), കിൻഫ്ര (KINFRA), ഇൻകെൽ (INKEL) എന്നിവ സംസ്ഥാനത്തെ പ്രമുഖ നഗരങ്ങളിലെ തുറമുഖം/വിമാനത്താവളം എന്നിവയുൾപ്പെടുത്തുള്ള പ്രധാന സ്ഥലങ്ങളിൽ പ്രാദേശിക അടിസ്ഥാനസൗകര്യത്തിനും വ്യവസായ വികസനത്തിനും വേണ്ടിയുള്ള ഡെവലപ്മെന്റ് പ്രോജക്റ്റ് ഏരിയകളെ പ്രോത്സാഹിപ്പിക്കുന്നതാണ്. ഒരു 'എയ്റോട്രോപൊളിസ്'' (Aerotropolis) കോഴിക്കോട്ടും അതുപോലെ ഒരു പുതിയ 'മെഗാ ഫുഡ് പാർക്കും' സ്ഥാപിക്കാൻ കിൻഫ്ര (KINFRA) ഉദ്ദേശിക്കുന്നുണ്ട്. ദേശീയ ഭക്ഷ്യ സംസ്കരണ നയത്തിനനുസൃതമായി കിൻഫ്ര (KINFRA) നോഡൽ ഏജൻസിയായി ഒരു സംസ്ഥാന ഭക്ഷ്യ സംസ്കരണ മിഷൻ സ്ഥാപിക്കുന്നതാണ്.

**24.** എന്റെ സർക്കാർ, സി.ഐ.ഐ. (CII)-യുടെയും നാസ്കോം (NASSCOM)-ന്റെയും പങ്കാളിത്തത്തോടെ കേരളത്തെ ഒരു നിക്ഷേപ സൗഹൃദ കേന്ദ്രമായി ബ്രാൻഡ് ചെയ്യുന്നതിലേയ്ക്കും സംസ്ഥാനത്തെ തെക്കേ ഇന്ത്യയിലെ ആഗോള ബിസിനസ് ഹബ്ബായി മാറ്റുന്നതിലേയ്ക്കും ഉള്ള ഒരു ദ്വിവർഷ പരിപാടിയായി 'എമർജിംഗ് കേരള' (Emerging Kerala) എന്ന ബാനറിൻകീഴിൽ 2012 സെപ്റ്റംബറിൽ ഒരു

ആഗോള സംഗമം സംഘടിപ്പിക്കുന്നതാണ്. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിലുള്ള ഒരു ഉന്നതതല കമ്മിറ്റിയും പ്രോജക്റ്റ് കമ്മിറ്റികളും കർമ്മപരിപാടികൾക്ക് അന്തിമ രൂപം നൽകിവരികയാണ്. എന്റെ സർക്കാർ, കൊച്ചി-കോയമ്പത്തൂർ വ്യവസായ ഇടനാഴിയിൽ 'നാഷണൽ ഇൻവെസ്റ്റ്മെന്റ് ആന്റ് മാനുഫാക്ചറിംഗ് സോൺസ്" (NIMZ) സ്ഥാപിക്കുന്നതാണ്. എന്റെ സർക്കാർ, ഇലക്ട്രോണിക് ഹാർഡ്‌വെയർ നിർമ്മാണ മേഖലയിലെ വ്യവസായങ്ങളെ സഹായിക്കുന്നതിനായി മെച്ചപ്പെട്ട അടിസ്ഥാനസൗകര്യം ലക്ഷ്യമിട്ടുകൊണ്ടുള്ള 'ഇലക്ട്രോണിക് ഹബ്ബ്" പദ്ധതിക്ക് തുടക്കം കുറിക്കുന്നതാണ്. മദ്ധ്യകേരളത്തിൽ ഒരു ഇലക്ട്രോണിക് സിറ്റി സ്ഥാപിക്കുക എന്നത് ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുന്നതാണ്. കേരളത്തിൽ വാതകം അടിസ്ഥാനമാക്കിയുള്ള അടിസ്ഥാന സൗകര്യങ്ങളും 'എൽ.എൻ.ജി./സി.എൻ.ജി.' (LNG/CNG) സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിനായി കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് രൂപീകരിക്കുന്നതിനായി 'ഗെയിൽ' (GAIL)-ലുമായി കെ.എസ്.ഐ.ഡി.സി. (KSIDC) ഒരു സംയുക്ത സംരംഭത്തിൽ ഏർപ്പെട്ടിട്ടുണ്ട്. ചെറുകിട-ഇടത്തരം സംരംഭ മേഖലയിൽ, വനിതകൾക്കും യുവജനങ്ങൾക്കും സ്വയംതൊഴിലിന് പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ടുള്ള പദ്ധതിയും മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പുവരുത്തുന്നതിനായി മൾട്ടിസ്റ്റോറീഡ് വ്യവസായ എസ്റ്റേറ്റുകളുടെ നിർമ്മാണവും വ്യവസായ പ്രദേശങ്ങളുടെ പ്രബലപ്പെടുത്തലും ആധുനീ

കരണവും ഏറ്റെടുത്തിട്ടുണ്ട്. എന്റെ സർക്കാർ, പീഡിത നിർമ്മാണ യൂണിറ്റുകളുടെ ഈസി എക്സിറ്റിനായി ഒരു കോർപ്പസ് ഉണ്ടാക്കിക്കൊണ്ട് ഒരു പുതിയ എക്സിറ്റ് പോളിസിയും രൂപീകരിക്കുന്നതാണ്. കൈത്തറി മേഖലാ പുനരുദ്ധാരണ പാക്കേജിനുകീഴിൽ 30,000-ത്തിനടുത്തു വരുന്ന കൈത്തറി നെയ്ത്ത് കുടുംബങ്ങൾക്ക് ആനുകൂല്യങ്ങൾ നൽകുന്നതാണ്. മലപ്പുറത്തെ എടരിക്കോട് ടെക്സ്റ്റയിൽസിൽ അതിന്റെ രജതജൂബിലി ആഘോഷങ്ങളോടനുബന്ധിച്ച് ഒരു സംയോജിത തുന്നൽ-വസ്ത്ര നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്ന താണ്.

25. തൊഴിലാളികളും മാനേജ്മെന്റും തമ്മിൽ സൗഹാർദ്ദപരമായ ബന്ധത്തോടുകൂടിയ യോജിപ്പുള്ള ഒരു അന്തരീക്ഷം വ്യവസായ വളർച്ചയ്ക്ക് വേണ്ട അനിവാര്യമായ ഒരു ഘടകമാണെന്ന് എന്റെ സർക്കാർ വിശ്വസിക്കുന്നു. സാമ്പത്തിക പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ സാഹചര്യം, അത് വ്യവസായ മേഖലയിലോ വാണിജ്യ മേഖലയിലോ ഗാർഹിക മേഖലയിലോ ആകട്ടെ, അവശ്യം ഉറപ്പാക്കുന്നതോടൊപ്പം തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിന് എന്റെ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. തൊഴിൽ വകുപ്പ് ഏറ്റെടുക്കുന്ന നടപടികളിൽ, കേരളത്തിലെങ്ങുമുള്ള ചുമട്ടുതൊഴിലാളികളുടെ കൂലി നിരക്കുകൾ ഏകീകരിക്കൽ, രജിസ്ട്രേഷൻ, ലൈസൻസ് നൽകൽ, പുതുക്കൽ എന്നിവയ്ക്ക് ഇ-ഗവേർണൻസ്,

ശമ്പള വിതരണം ബാങ്കുകൾ വഴിയാക്കിക്കൊണ്ടുള്ള മിനിമം വേതന സംരക്ഷണ സമ്പ്രദായം, തോട്ടം തൊഴിലാളികൾക്ക് വേണ്ടി ഒരു പാർപ്പിട പദ്ധതി, അസംഘടിത തൊഴിലാളികൾക്കുവേണ്ടിയുള്ള ഒരു ജനശ്രീ ഭീമാ യോജന എന്നിവ ഉൾപ്പെടുന്നതാണ്. എന്റെ സർക്കാർ, നിയമവിരുദ്ധമെന്ന് ഔപചാരികമായി പ്രഖ്യാപിച്ചിട്ടും തുടർന്നുവരുന്ന 'നോക്കുകൂലി' സമ്പ്രദായം രണ്ടു ജില്ലകളിൽ ഫലപ്രദമായി നിയന്ത്രിച്ചിട്ടുള്ളതും അത് പരിപൂർണ്ണമായും ഇല്ലാതാക്കാൻ ഉദ്ദേശിക്കുന്നതും ആകുന്നു. എന്റെ സർക്കാർ, 'കേരള അക്കാഡമി ഫോർ സ്കിൽ എക്സലൻസ്" (KASE) സ്ഥാപിക്കുന്നതും അതിന്റെ കീഴിൽ ഒരു 'കൺസ്ട്രക്ഷൻ അക്കാഡമി' കൂടി സ്ഥാപിക്കുന്നതുമാണ്. ഒരു 'ഒക്യുപ്പേഷണൽ ഹെൽത്ത് സെന്റർ' (Occupational Health Centre) കൊല്ലത്തും കൂടാതെ 'സേഫ്റ്റി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് ട്രെയിനിംഗ്"-ഉം സ്ഥാപിക്കുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ വൈദഗ്ദ്ധ്യ പരിപാടികളിലൂടെയും തൊഴിൽ സാദ്ധ്യത യോജിപ്പിച്ചുകൊണ്ടും തൊഴിൽരഹിതരെ തൊഴിൽ ആർജ്ജിതരാക്കി മാറ്റുന്ന പുതിയ ഒരു ഭരണസമ്പ്രദായത്തിനുള്ള പങ്കു വഹിക്കുന്നതിന് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ എംപ്ലോയബിലിറ്റി സെന്ററുകളാക്കി മാറ്റുന്ന പ്രതീക്ഷാത്മകമായ ഒരു പദ്ധതി എന്റെ സർക്കാർ വിഭാവനം ചെയ്യുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാലയളവിൽ അഞ്ചു ലക്ഷത്തിലധികം ആളുകൾക്ക് വൈദഗ്ദ്ധ്യം നൽകുന്നതിന് ലക്ഷ്യം വച്ചുകൊണ്ടുള്ള പ്രതീക്ഷാത്മകമായ സ്കിൽ ഡെവലപ്മെന്റ് പ്രോജക്റ്റ്

പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെയും സഹകരണത്തോടെ തൊഴിൽ വകുപ്പ് ഈ വർഷം ആരംഭിക്കുന്നതാണ്. ആശുപത്രികളിലെ രോഗികൾക്ക് ആരോഗ്യപരിപാലന സേവനങ്ങൾ തടസ്സപ്പെടുന്നില്ല എന്ന് ഉറപ്പുവരുത്തുന്നതിനായി എന്റെ സർക്കാർ, നഴ്സുമാരുടെ പ്രക്ഷോഭത്തിൽ പ്രത്യേക താല്പര്യമെടുത്ത് ഇടപെടൽ നടത്തുകയും നഴ്സുമാർക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യം ഉറപ്പാക്കുകയും ചെയ്യുന്നു.

**26.** എന്റെ സർക്കാർ 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പ്രകാരം 'കേരള സംസ്ഥാന സംരംഭക വികസന മിഷൻ' (Kerala State Entrepreneur Development Mission) ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് നേരിട്ടും അല്ലാതെയുമുള്ള തൊഴിൽ അവസരങ്ങളുൾപ്പെടെ ആറു ലക്ഷം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിന് സഹായകമാകുന്ന 10,000 മൈക്രോ എന്റർപ്രൈസ്-കൾ മിഷനു കീഴിൽ ആരംഭിക്കുന്നതാണ്. ഇതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ നോഡൽ ഏജൻസി ആയിരിക്കുന്നതാണ്. തെരഞ്ഞെടുക്കപ്പെട്ട സംരംഭകർക്ക് ഒരു വർഷം മൊറട്ടോറിയത്തോടുകൂടി, 20 ലക്ഷം രൂപ വരെ, പലിശ രഹിത വായ്പ നൽകുന്നതാണ്.

**27.** സംസ്ഥാനത്തെ പൊതുജനാരോഗ്യ പരിചരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങൾ സംസ്ഥാനത്തെ ജനങ്ങളുടെ, പ്രത്യേകിച്ച് പാവപ്പെട്ടവരുടെ ജീവിത ഗുണനില വാരത്തിന് കാര്യമായ സംഭാവന നൽകുന്നതായി എന്റെ സർക്കാർ തിരിച്ചറിയുന്നു. എല്ലാ ജില്ലകളെയും ഉൾപ്പെടുത്തി അവിടങ്ങളിലെ അപകടാവസ്ഥയിലുള്ള മുപ്പത് വയസ്സിനു മുകളിലുള്ള മുഴുവൻ ആളുകളെയും പരിശോധിച്ച് രക്തസമ്മർദ്ദം, പ്രമേഹം എന്നിവയാൽ കഷ്ടപ്പെടുന്നവർക്ക് സൗജന്യമായി മരുന്ന് നൽകുന്നതിന് 'നോൺ കമ്മ്യൂണിക്കബിൾ ഡിസീസസ് കൺട്രോൾ പ്രോഗ്രാം' സമാരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സർക്കാർ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള അമ്മമാരാകാൻ പോകുന്ന എല്ലാവർക്കും ഏറ്റവും അടുത്തുള്ള സർക്കാർ പ്രസവകേന്ദ്രത്തിലേക്കും തിരിച്ചും, സങ്കീർണ്ണത കളുണ്ടായാൽ വലിയ കേന്ദ്രങ്ങളിലേയ്ക്ക് അവരെ മാറ്റുവാനുമുള്ള ഒരു സംവിധാനത്തോടെ സൗജന്യ ഗതാഗത സൗകര്യങ്ങൾ നൽകുവാനുള്ള ഒരു വലിയ ഉദ്യമത്തിനും എന്റെ സർക്കാർ സമാരംഭം കുറിക്കുന്നതാണ്. സർക്കാർ പ്രസവകേന്ദ്രങ്ങളിൽ എല്ലാ നവജാത ശിശുക്കളേയും കേൾവി, കാഴ്ച, തൈറോയ്ഡ്, ഉപാപചയ തകരാറുകൾ എന്നിവയുടെ പരിശോധനയ്ക്ക് വിധേയ മാക്കുന്നതാണ്. ജില്ലാമാനസികാരോഗ്യ പരിപാടി കൊല്ലം, ആലപ്പുഴ ജില്ലകളിൽ ആരംഭിക്കുന്നതാണ്. അടിയന്തിര ആംബുലൻസ് സർവ്വീസ് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും

നടപ്പാക്കുന്നതാണ്. മെഡിക്കൽ കോളേജുകളുടെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിലേയ്ക്കായി ആലപ്പുഴയിൽ ലക്ചർ ഹാളിൽ ഗാലറി ടൈപ്പ് ആഡിറ്റോറിയവും, തിയേറ്റർ കോംപ്ലക്സും, കോട്ടയത്ത് ഒരു പുതിയ അത്യാഹിത വിഭാഗ ബ്ലോക്കും തൃശ്ശൂരിൽ ഒരു അക്കാഡമിക് ബ്ലോക്കും വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റും ആലപ്പുഴയിൽ കോളേജ് ഓഫ് ഫാർമസ്യൂട്ടിക്കൽ സയൻസിനുള്ള കെട്ടിടമുൾപ്പെടെ നിരവധി പദ്ധതികളും ഏറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**28.** ആരോഗ്യ പരിചരണത്തിലെ വർദ്ധിച്ച വരുന്ന ചെലവുകളും, സ്വയം പണം ചെലവാക്കേണ്ടി വരുന്ന സ്ഥിതിയും ധാരാളം പാവപ്പെട്ട കുടുംബങ്ങളെ പരമദാരിദ്ര്യത്തിലേയ്ക്ക് എത്തിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ആരംഭിച്ച ആരോഗ്യസുരക്ഷാ പദ്ധതി (RSBY) തീർച്ചയായും പാവപ്പെട്ടവർക്ക് കുറച്ച് ആശ്വാസം പകർന്നിട്ടുണ്ടെങ്കിൽക്കൂടി ധാരാളം പാവപ്പെട്ട കുടുംബങ്ങൾ മഹാരോഗങ്ങളാലുണ്ടായ സാമ്പത്തിക പരാധീനതയെ തുടർന്ന് ഇപ്പോഴും ദാരിദ്ര്യത്തിലേയ്ക്ക് വീണു കൊണ്ടിരിക്കുകയാണ്. വാനോളം കുതിച്ചുയരുന്ന ആരോഗ്യ രക്ഷാചെലവുകളുടെ അധികഭാരം താങ്ങാനാവാതെ കഷ്ടപ്പെടുന്ന കേരളത്തിലെ എല്ലാ ജനങ്ങൾക്കും പ്രയോജനപ്പെടും വിധം ഒരു സമഗ്ര മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി ഈ വർഷം എന്റെ സർക്കാർ കൊണ്ടുവരുന്നതാണ്.

**29.** ക്യാൻസറിന്റെയും മറ്റു ഗുരുതര രോഗങ്ങളുടെയും ചികിത്സയ്ക്കും പാലിയേറ്റീവ് കെയർ നൽകുന്നതിനും, ആവശ്യമുള്ളവർക്കു സഹായം നല്കുന്നതിനും വേണ്ടി 2011-12-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതു പോലെ കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി എന്റെ സർക്കാർ ഇതിനകം ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്കുള്ള ധനസമാഹരണം കാരുണ്യ പ്രതിവാര ലോട്ടറിയുടെ വരുമാനത്തിൽ നിന്നും കണ്ടെത്തുന്നതും ഇത് വർദ്ധിച്ചു വരുന്ന ചികിത്സാചെലവുകൾ കൊണ്ട് നട്ടം തിരിയുന്ന ദരിദ്രർക്ക് ആശ്വാസം പകരുന്ന തിനുള്ള സർക്കാരിന്റെ ബൃഹത്തായ ഒരു ജീവകാരുണ്യ സംരംഭവുമായിരിക്കുന്നതാണ്.

**30.** ഏകദേശം 33000 അംഗനവാടികളുടെയും, ക്ഷേമസ്ഥാപനങ്ങളുടെയും ശൃഖലയോടുകൂടി കുട്ടികൾക്കും, അവശരായവർക്കും, അഗതികൾക്കും, വൃദ്ധർക്കും ദുർബലരായ വർക്കും പരിചരണ സേവനങ്ങൾ നൽകി വരുന്ന സാമൂഹ്യ ക്ഷേമവകുപ്പ് അതീവശ്രദ്ധയുള്ള ഒരു സർക്കാരിന്റെ ഏറ്റവും ദൃശ്യമായ മുഖമാണ് എന്നതിൽ സംശയമില്ല. അമ്മമാർക്കും കുട്ടികൾക്കും പുറമേ വൃദ്ധരായ സ്ത്രീജനങ്ങൾക്കും കൗമാര ക്കാരായ പെൺകുട്ടികൾക്കും സേവനങ്ങൾ പ്രദാനംചെയ്യുന്ന കമ്മ്യൂണിറ്റി റിസോഴ്സ് സെന്ററുകളായി പ്രവർത്തിക്കുന്ന മാതൃകാ

അംഗനവാടികൾ സ്ഥാപിക്കുന്നതിന് എം എൽ എ- മാരുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പങ്കാളിത്തത്തോടു കൂടി ഒരു ബൃഹത് പദ്ധതി എന്റെ സർക്കാർ ആരംഭിക്കുന്നതാണ്. ഈ വർഷം ഓരോ നിയമസഭാ നിയോജകമണ്ഡലത്തിലും ഒരു മാതൃകാ അംഗനവാടി തുടങ്ങുന്നതാണ്. സംസ്ഥാനത്തിനുവേണ്ടി ഒരു സമഗ്ര പോഷകാഹാര നയം രൂപീകരിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. സർക്കാരിൽ വികലാംഗർക്കായി നീക്കിവച്ചിട്ടുള്ളതും നികത്തപ്പെടാതെ കിടക്കുന്നതുമായ എല്ലാ ഒഴിവുകളും കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നതിനായി പബ്ലിക് സർവ്വീസ് കമ്മീഷന്റെയും മറ്റു വകുപ്പുകളുടെയും പങ്കാളിത്തത്തോടെ ഒരു ഏകദിന അദാലത്ത് നടത്തുന്നതാണ്.

**31.** എന്റെ സർക്കാർ, എല്ലാ സർക്കാർ വകുപ്പുകളുടെയും ഏജൻസികളുടെയും സഹകരണത്തോടെ മാർച്ച് മാസത്തിൽ കോഴിക്കോട്ട് വച്ച് സ്ത്രീത്വത്തിന്റെ മഹത്വം വാഴ്ത്തുന്നതിനെ പ്രമേയമാക്കിക്കൊണ്ട് ഒരു 'ജെൻഡർ ഫെസ്റ്റിവൽ' നടത്തുന്നതാണ്. ഒരു 'ജെൻഡർ പാർക്കിന്റെ' ശിലാസ്ഥാപനത്തിന് ഈ സംഭവം സാക്ഷ്യം വഹിക്കുന്നതായിരിക്കും. ഈ പാർക്ക് സ്ത്രീകളുടെ വികസനവും ശാക്തീകരണവുമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതും പൂർണ്ണ നില

യിലുള്ള ഒരു സർവ്വകലാശാലയായി പരിണമിക്കുന്നതിനും വിഭാവനം ചെയ്തുകൊണ്ടുള്ളതുമാണ്. ഓരോ സ്ത്രീക്കും നിർഭയ മായും അന്തസ്സോടുകൂടിയും ജീവിക്കുന്നതിനുള്ള അവകാശം ഉറപ്പാക്കുന്ന ഒരു സമഗ്ര നയപ്രഖ്യാപനം 'നിർഭയ' എന്റെ സർക്കാർ വിജ്ഞാപനം ചെയ്യുന്നതാണ്. വനിതാ വികസന കോർപ്പറേഷൻ തിരുവനന്തപുരത്ത് ഒരു 24/7 വനിതാ ഇൻഫർമേഷൻ കേന്ദ്രം സ്ഥാപിക്കുന്നതാണ്.

**32.** പൊതുജനങ്ങൾ ഉപയോഗിച്ചുവരുന്ന എല്ലാ കെട്ടിടങ്ങളിലും ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് അനായാസം പ്രവേശിക്കുന്നതിന് എളുപ്പത്തിൽ ഉപയോഗി ക്കാവുന്നതും തടസ്സരഹിതവുമായ സൗകര്യങ്ങൾ സൃഷ്ടിക്കുന്ന തിനായുള്ള ഒരു സമഗ്ര നയത്തിന് എന്റെ സർക്കാർ രൂപം നൽകുന്നതാണ്. ആദ്യ ഘട്ടമെന്ന നിലയിൽ ഇത് സാമൂഹ്യ ക്ഷേമവകുപ്പിന്റെ ക്ഷേമസ്ഥാപനങ്ങളിൽ ഏർപ്പെടുത്തുന്ന താണ്. കേന്ദ്ര സഹായത്തോടു കൂടി, അവശരായവർക്ക് വേണ്ടി കോഴിക്കോട് ഒരു സമഗ്ര പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതാണ്. എന്റെ സർക്കാർ സംസ്ഥാനത്ത് ഒരു ബാലാവകാശ കമ്മീഷൻ രൂപീകരിക്കുന്നതാണ്. ശ്രവണ വൈകല്യമുള്ള കുട്ടികൾക്ക് 'കോക്ളിയർ ഇംപ്ലാന്റ് ' ചെയ്തു കൊടുക്കുന്നതിനുള്ള ഒരു പദ്ധതി അടുത്തുതന്നെ ആരംഭിക്കുന്ന താണ്. എന്റെ സർക്കാർ വയോജന നയം കൂടുതൽ

കാര്യക്ഷമമായി നടപ്പിലാക്കുന്നത് ഉറപ്പുവരുത്തുന്നതിന് അത് പുന:പരിശോധിക്കുന്നതും പുനർരൂപകല്പന ചെയ്യുന്നതുമാണ്. 'നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആന്റ് ഹിയറിംഗ്' (NISH) രണ്ടു നഗരങ്ങളിൽ പ്രാദേശിക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതാണ്.

**33.** സംസ്ഥാനത്തിന്റെ അർത്ഥവത്തായതും ഒട്ടാകെയുമുള്ള വികസനത്തിന് പട്ടികജാതിക്കാരുടെയും പട്ടികഗോത്രവർഗ്ഗക്കാരുടെയും ക്ഷേമം പ്രധാനമാണെന്ന് എന്റെ സർക്കാർ കരുതുന്നു. 50 വീടുകളിൽ കൂടുതലുള്ള എല്ലാ പട്ടികജാതി കോളനികൾക്കും സ്വയം പര്യാപ്തത ഉറപ്പാക്കുന്നതിനായി, അത്യാവശ്യ അടിസ്ഥാന സൗകര്യങ്ങൾ, മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ, കൃഷി, റോഡുകളുടെയും മലിനജലനിർഗ്ഗമന സൗകര്യങ്ങളുടെയും മെച്ചപ്പെടുത്തൽ, കുടിവെള്ളം എത്തിക്കൽ, മാലിന്യ നിർമ്മാർജ്ജന പദ്ധതികളുടെ നടത്തിപ്പ്, പുരയിട കൃഷി ഏർപ്പാടാക്കൽ എന്നീ ഒരു കൂട്ടം പദ്ധതികൾ ഉൾപ്പെടുന്ന സമഗ്രമായ ഒരു നയത്തിന് രൂപം നൽകിയിട്ടുണ്ട്. നിലവിൽ സാദ്ധ്യതകളുള്ള തൊഴിലുകളിൽ പട്ടികജാതി യുവാക്കളുടെ വൈദഗ്ധ്യം വികസിപ്പിക്കുന്നതിനും പട്ടികജാതി വിദ്യാർത്ഥികളുടെ സർഗവൈദഗ്ധ്യം മെച്ചപ്പെടുത്തുന്നതിനും സർക്കാർ ഈ വർഷം ഊന്നൽ നൽകുന്നതാണ്. നെട്ടൂർ സാങ്കേതിക

പരിശീലന ഫൗണ്ടേഷന്റെ സഹകരണത്തോടെ വടക്കാഞ്ചേരിയിൽ ഒരു കമ്മ്യൂണിറ്റി കോളേജ് തുടങ്ങുന്നതാണ്. ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് 5000 പുതിയ വീടുകൾ നൽകുന്നതിനും ഭൂരഹിതരായ 6000 പട്ടികജാതി കുടുംബങ്ങൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനും വകുപ്പ് ഉദ്ദേശിക്കുന്നു. സർക്കാരിന്റെ മെരിറ്റ് ലിസ്റ്റിൽ നിന്നും പ്രൊഫഷണൽ കോഴ്സുകൾ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് ലാപ് ടോപ് നൽകുന്നതാണ്. വകുപ്പിന്റെ പരിശ്രമങ്ങൾക്ക് കേരള സംസ്ഥാന പട്ടികജാതി/പട്ടിക ഗോത്രവർഗ്ഗ വികസന കോർപ്പറേഷൻ അനുപൂരകമായി വർത്തിക്കുന്നതാണ്. ഇത് ഊർജ്ജസ്വലരായ ഒരു കൂട്ടം വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിനും അവരുടെ സംരംഭങ്ങൾക്ക് ഫലപ്രദമായ വായ്പാലഭ്യത സുഗമമാക്കുന്നതുമാണ്. പട്ടികജാതി ഗുണഭോക്താക്കൾക്കു വേണ്ടി 'എൻ എസ് എഫ് ഡി സി' (NSFDC) - യുടെ സഹായത്തോടെ ഒരു 'ലഘു വ്യവസായ യോജന' (Laghu Vyvasaya Yojana) ആരംഭിക്കുന്നതാണ്. കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 11900 ഗുണഭോക്താക്കൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിന് സഹായം നൽകുകയും 16500 സ്ത്രീകൾക്ക് കുടുംബശ്രീ മുഖാന്തിരം മൈക്രോ ക്രെഡിറ്റ് ലോണുകൾ നൽകുകയും

ചെയ്യുന്നതാണ്. പരിവർത്തിത ക്രൈസ്തവർക്കുള്ള കേരള സംസ്ഥാന വികസന കോർപ്പറേഷൻ, വായ്പ എഴുതിത്തള്ളുന്ന ഒരു പദ്ധതിയും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയും നടപ്പിലാക്കുന്നതാണ്. പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങളുടെ കേസുകൾക്കായി കൊല്ലം പത്തനംതിട്ട ജില്ലകളിൽ പ്രത്യേക കോടതികൾ ആരംഭിക്കുന്നതാണ്.

**34.** പട്ടികഗോത്രവർഗ്ഗ വികസന വകുപ്പ് പട്ടിക ഗോത്രവർഗ്ഗക്കാർക്കുള്ള ക്ഷേമ വികസന പദ്ധതികൾക്ക് ഊന്നൽ നൽകുന്നത് തുടരുന്നതാണ്. വരുംവർഷം പട്ടിക ഗോത്രവർഗ്ഗ കുടുംബങ്ങൾക്കായി 1300 വീടുകൾ നിർമ്മിക്കുന്നതിനും പട്ടികഗോത്രവർഗ്ഗ കോളനികളുടെ വൈദ്യുതീകരണത്തിനും കുടിവെള്ളം എത്തിച്ചുകൊടുക്കുന്നതിനും ഭൂരഹിത ഗോത്ര കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനും റീസെറ്റിൽമെന്റ് പ്രദേശങ്ങളിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ എത്തിച്ചുകൊടുക്കുന്നതിനും ഉൾപ്പെടെയുള്ള പദ്ധതികളിൽ എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. ഇതിനുപുറമെ വനപ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗങ്ങളുടെ വികസനത്തിനുള്ള പദ്ധതി വിപുലീകരിക്കുന്നതും ഒരു സമഗ്ര ആരോഗ്യപരിചരണപദ്ധതി വകുപ്പ് നടപ്പിലാക്കുന്നതുമാണ്. പ്രിയദർശിനി ടീ എസ്റ്റേറ്റിലെയും അട്ടപ്പാടിയിലെയും ഗ്രൂപ്പ് ഫാമുകൾ 500 കുടുംബങ്ങൾക്ക് പ്രയോജനപ്പെടത്തക്ക

വിധം പുനരുജ്ജീവിപ്പിക്കും. എന്റെ സർക്കാർ, അടുത്ത വർഷം 2006-ലെ പട്ടികഗോത്രവർഗ്ഗങ്ങളും മറ്റു പരമ്പരാഗത വനവാസികളും (വനാവകാശങ്ങൾ അംഗീകരിക്കൽ) ആക്റ്റ് പൂർണ്ണമായും നടപ്പിലാക്കുന്നതാണ്.

**35.** വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനുള്ള ഏതൊരു പ്രധാന കുതിപ്പിനും അദ്ധ്യാപകരുടെ സേവന പ്രശ്നങ്ങളുമായി ബന്ധപ്പെട്ട് വർഷങ്ങളായുള്ള അസംഖ്യം വ്യവഹാരങ്ങളാൽ കലുഷിതമാക്കപ്പെട്ട അന്തരീക്ഷത്തിന് ആദ്യമായി ഒരു പരിഹാരം കാണേണ്ടതുണ്ട് എന്ന് തിരിച്ചറിഞ്ഞുകൊണ്ട് എന്റെ സർക്കാർ ഒരു സമഗ്ര അദ്ധ്യാപക പാക്കേജ് നടപ്പിലാക്കിയിട്ടുണ്ട്. അദ്ധ്യാപക സമൂഹം പരക്കെ സ്വാഗതം ചെയ്ത ഈ പാക്കേജ്, വരുംവർഷം പൂർണ്ണമായും നടപ്പിലാക്കുന്നതാണ്. ഇതിന്റെ ഭാഗമായും വിദ്യാഭ്യാസ അവകാശ നിയമത്തിനനുസരിച്ചും പ്രാഥമിക വിദ്യാഭ്യാസക്രമം ദേശീയ മാതൃകയിലേയ്ക്ക് കൊണ്ടുവന്ന് 6 മുതൽ 14 വയസ്സുവരെയുള്ള വിഭാഗത്തിലെ എല്ലാ കുട്ടികൾക്കും 1 മുതൽ 8 വരെ ക്ലാസ്സുകളിൽ നിർബന്ധിത വിദ്യാഭ്യാസം ഉറപ്പുവരുത്തുകയും ചെയ്യുന്നതാണ്. ജി ഐ എസ് (GIS) സഹായത്തോടെ എല്ലാ സ്കൂളുകളുടെയും ഒരു സമഗ്രമായ മാപ്പിംഗ് പൂർത്തീകരിച്ചിട്ടുള്ളതും വിദ്യാഭ്യാസ അവകാശ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ദൂര

പരിധിയ്ക്കുള്ളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലാത്തതായ പ്രദേശങ്ങളിൽ, പുതിയ സ്കൂളുകൾ ആരംഭിക്കുകയോ കുട്ടികൾക്ക് അടുത്തുള്ള സ്കൂളുകളിൽ പോകുന്നതിനുള്ള ഗതാഗത സൗകര്യങ്ങൾ ഏർപ്പാടാക്കുകയോ ചെയ്യുന്നതാണ്. വിദ്യാർത്ഥി അദ്ധ്യാപക അനുപാതം എൽ പി തലത്തിൽ 30 : 1 ആയും ഉയർന്ന ക്ലാസ്സുകളിൽ 35 : 1 ആയും നിലനിർത്തുന്നതാണ്. സർക്കാർ സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ ഗുണനിലവാരം വ്യവസ്ഥിതമായി മെച്ചപ്പെടുത്താൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഇതിലേയ്ക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും ജനപ്രതിനിധികളിൽനിന്നും പൗര സമൂഹത്തിൽനിന്നും ഈ സ്കൂളുകളിലെ പൂർവ്വ വിദ്യാർത്ഥി കളിൽനിന്നും വിഭവസമാഹരണം നടത്തിക്കൊണ്ട് ' കേരള ഫ്യൂച്ചർ സ്കൂൾസ് ' സ്ഥാപിക്കുന്നതിനുള്ള ഒരു പരിപാടി നടപ്പിൽ വരുത്തുന്നതാണ്. 2 മുതൽ 8 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് സൗജന്യമായി യൂണിഫോം വിതരണം ചെയ്യുന്നതാണ്. 8 മുതൽ 12 വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കായി ഗണിതശാസ്ത്രവും ശാസ്ത്ര വിഷയങ്ങളിൽ കൂടുതൽ പാഠങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് വെബ്പോർട്ടൽ ശക്തിപ്പെടുത്തുന്നതാണ്. വിദ്യാവാണി പ്രക്ഷേപണം പരമാവധി നിയമസഭാ നിയോജക മണ്ഡലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്ന താണ്.

**36.** എന്റെ സർക്കാർ ഉന്നതവിദ്യാഭ്യാസം സാമൂഹികവും
സാമ്പത്തികവുമായ പരിവർത്തനത്തിനുള്ള ശക്തമായ ഒരു
ഉപാധിയാണ് എന്നു തിരിച്ചറിയുകയും പ്രാപ്യതയും ന്യായ
യുക്തവും, മികവും അടിസ്ഥാനമാക്കിക്കൊണ്ട് ഗുണനിലവാര
മുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ ലക്ഷ്യം വയ്ക്കുകയും
ചെയ്യുന്നു. നമ്മുടെ സംസ്ഥാനത്തിന് ഉന്നത വിദ്യാഭ്യാസ
ത്തിലുണ്ടായിരുന്ന സമുന്നതസ്ഥാനം വീണ്ടെടുക്കുന്നതിന്റെ
പ്രാധാന്യം എന്റെ സർക്കാർ തിരിച്ചറിയുന്നു. സംസ്ഥാനത്ത്
ലോകോത്തരനിലവാരത്തിലുള്ള സ്ഥാപനങ്ങളും സൗകര്യങ്ങളും
കൊണ്ടുവരുന്നത് പ്രോത്സാഹിപ്പിക്കുന്നതിനാവും എന്റെ
സർക്കാർ ഊന്നൽ നൽകുക. 'എമർജിംഗ് കേരള ഈവന്റ്
ഓഫ് ഗവൺമെന്റ് ' എന്നതിൻകീഴിൽ അതിന്റെ പുരോഗതി
വരുത്തുവാനുള്ള അഭിവാഞ്ഛയോടെ സ്മാർട്ട് സിറ്റിയുടെ
രീതിയിലും ഘടനയിലും തദ്ദേശീയരും വിദേശീയരുമായ
വിദ്യാർത്ഥികൾക്കായി സ്പെഷ്യലൈസ്ഡ് കോഴ്സുകൾ പ്രദാനം
ചെയ്യുന്ന ഉന്നത നിലവാരത്തിലുള്ള അന്തർദ്ദേശീയ സർവ്വകലാ
ശാലകളുടെയും സ്ഥാപനങ്ങളുടെയും ഒരു സമ്പന്ന സമന്വയം
എന്ന ആശയത്തോടെ സംസ്ഥാനത്ത് 'അക്കാഡമിക് സിറ്റി'
സ്ഥാപിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. നമ്മുടെ
സംസ്ഥാനത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അവയുടെ
പരമാവധി ശേഷിയിലേയ്ക്ക് വളരുന്നതിനും അന്തർദ്ദേശീയ
മായി ഏറ്റവും മികച്ച സ്ഥാപനങ്ങൾക്ക് സമാനമായി

ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസം പ്രദാനം ചെയ്യുന്നതിനും ആവശ്യമായ ഗുണനിലവാരം കൈവരിക്കുന്നതിനും ഉതകുന്ന ചുറ്റുപാട് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കായി സംസ്ഥാനത്ത് സൃഷ്ടിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. എന്റെ സർക്കാർ, എല്ലാ സർക്കാർ കോളേജുകൾക്കും എൻ എ എ സി (NAAC) റേറ്റിംഗ് ലഭിക്കുന്നത് സുഗമമാക്കുന്നതിനായി കോളേജ് ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (CQIP) ആരംഭിക്കുന്നതാണ്. അണ്ടർ ഗ്രാഡ്വേറ്റ് തലത്തിലുള്ള വിദ്യാർത്ഥികളെ പുറത്തുനിന്നും അകത്തു നിന്നുമുള്ള ഒരു ജോഡി വിദഗ്ധരായ ഉപദേഷ്ടാക്കളുടെ ഉപദേശത്തെ കേന്ദ്രീകരിച്ച് വളർത്തിക്കൊണ്ട് വരാൻ ലക്ഷ്യമിടുന്ന 'വോക്ക് വിത്ത് എ സ്കോളർ ' (WWS) പദ്ധതി എന്റെ സർക്കാർ അടുത്ത വർഷം ഏറ്റെടുക്കുന്ന മറ്റൊരു പ്രധാന പരിപാടിയാണ്. വിദ്യാർത്ഥികൾക്ക് യഥാസമയത്ത് സഹായവും, ഡിജിറ്റൽ രൂപത്തിലും, പുസ്തകരൂപത്തിലുള്ള പുസ്തകങ്ങളും നോട്ടുകളും പഠനവസ്തുക്കൾ ഉൾപ്പെടെയുള്ള പ്രത്യേകമായ ബോധന സാമഗ്രികളും നൽകുന്ന 'സ്കോളർ സപ്പോർട്ട് പ്രോഗ്രാം' (SSP) എന്നതിന്റെ സമാരംഭം കുറിയ്ക്കുന്നതും ഈ വർഷത്തെ മറ്റൊരു നാഴികക്കല്ല് ആയിരിക്കും. സർക്കാർ കോളേജുകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 'കോളേജസ് ഇൻഫ്രാസ്ട്രക്ചർ അപ്ഗ്രഡേഷൻ പ്രോഗ്രാം'

(CIUP) ആരംഭിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പത്ത് കോളേജുകളെ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തുന്നതാണ്.

**37.** ഭാരത സർക്കാരുമായുള്ള ചർച്ചകളുടെ അടിസ്ഥാനത്തിൽ വരും വർഷം പാലക്കാട് ഒരു പുതിയ ഐ ഐ റ്റി (I I T) സ്ഥാപിക്കാനാകുമെന്ന് എന്റെ സർക്കാരിന് ആത്മവിശ്വാസമുണ്ട്. രാജേന്ദ്ര സച്ചാർ കമ്മിറ്റിയുടെ ശുപാർശ കൾക്കനുസൃതമായി കേന്ദ്ര സഹായത്തോടെ മലപ്പുറത്ത് ഒരു 'ഇന്റഗ്രേറ്റഡ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആൻഡ് ടെക്നോളജി' സ്ഥാപിക്കുന്നതാണ്. ഭാരത സർക്കാരും സംസ്ഥാന സർക്കാരും വ്യവസായ മേഖലയും തമ്മിലുള്ള പൊതു-സ്വകാര്യ പങ്കാളിത്തത്തോടുകൂടി കോട്ടയത്ത് ഒരു 'ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫർമേഷൻ ടെക്നോളജിയും' സ്ഥാപിക്കുന്നതാണ്. 'ഇംഗ്ലീഷ് ആൻറ് ഫോറിൻ ലാംഗ്വേജസ് യൂണിവേഴ്സിറ്റി'യുടെ ഒരു 'ഓഫ് കാമ്പസ് ' കേന്ദ്രം സ്ഥാപിക്കാനുള്ള സൗകര്യം എന്റെ സർക്കാർ ഒരുക്കുന്നതാണ്.

**38.** വിഷ്വൽ സയൻസിലും ആർട്സിലും ഗവേഷണ ത്തിന്റെയും മികവിന്റെയും ഒരു ആഗോള കേന്ദ്രമായി വിഭാവനം ചെയ്യുന്ന കോട്ടയത്തുള്ള' കെ. ആർ. നാരായണൻ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷ്വൽ സയൻസസ് ആന്റ് ആർട്സ് ' ഈ അദ്ധ്യയന വർഷം തന്നെ പ്രവർത്തനക്ഷമമാക്കുന്നതും ആദ്യ

ബാച്ച് വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുന്നതുമാണ്. സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ പുതിയ പന്ഥാവ് തുറക്കുന്ന ഒരു ഉൽകൃഷ്ട സർവ്വകലാശാലയായി കേരള സാങ്കേതിക സർവ്വകലാശാല എന്റെ സർക്കാർ ഈ വർഷം സ്ഥാപിക്കുന്നതാണ്. ലോക ബാങ്ക് സഹായത്തോടെ സംസ്ഥാനത്തെ പതിമൂന്ന് കോളേജുകളിൽ ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം (TEQUIP) നടപ്പിലാക്കുന്നതാണ്.

**39.** നമ്മുടെ സർവ്വകലാശാലകൾ അറിവ് പ്രദാനം ചെയ്യുക മാത്രമല്ല ഗവേഷണത്തിലൂടെയും കണ്ടുപിടിത്ത ങ്ങളിലൂടെയും അറിവ് പകർന്നു നൽകുകയും കൂടി ചെയ്യേണ്ടതാണ്. നമ്മുടെ വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ വികസനത്തിൽ വ്യവസായത്തിന് ഊന്നൽ നൽകികൊണ്ട് നമ്മുടെ ക്യാമ്പസ്സുകളിൽ നിന്നും പുതിയ ഉല്പന്നങ്ങളും പുതിയ പ്രക്രിയകളും ഉണ്ടാകേണ്ടതുണ്ട്. സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അദ്ധ്യാപകരുടെയും നിലവാരം വിലയിരുത്തുന്നതിനായി ഒരു 'സ്റ്റേറ്റ് ലെവൽ അസസ്സ്മെന്റ് ആന്റ് അക്രിഡിറ്റേഷൻ ഏജൻസി ' (SAAC) സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരി ക്കുകയും അതോടൊപ്പം സംസ്ഥാനത്തെ വിദ്യാഭ്യാസ

സ്ഥാപനങ്ങളെ വ്യവസായവുമായി ബന്ധിപ്പിക്കുന്നതിന് ഉൽക്കർഷേച്ഛയുള്ള ഒരു പരിപാടിയും ആരംഭിക്കുന്നതാണ്. പ്രവർത്തന മികവിനുള്ള യു ജി സി അവാർഡുകൾക്കായി മത്സരിക്കുന്നതിന് നമ്മുടെ സർവ്വകലാശാലകൾക്ക് സഹായം നൽകുന്നതിനുവേണ്ടി എന്റെ സർക്കാർ സർവ്വകലാശാലകൾക്കുള്ള സംസ്ഥാന അവാർഡു നിധി ഉണ്ടാക്കുന്നതാണ്.

**40.** വരും വർഷം, കേരള സംസ്ഥാന ശാസ്ത്രസാങ്കേതിക മ്യൂസിയം റൂഫ്ടോപ്പ് ഒബ്സർവേറ്ററിയോടുകൂടിയ ഒരു 14 ഇഞ്ച് ദൂരദർശിനിയും ഒരു ആറ് ഡിഗ്രി ഫ്രീഡം മോഷൻ സ്റ്റിമുലേറ്ററും പൊതുജനങ്ങൾക്കായി സ്ഥാപിക്കുന്നതാണ്. അത് ഭാരതത്തിലാദ്യമായി ആനിമേറ്റഡ് ദിനോസർ മോഡലുകളോടുകൂടിയ ഒരു ഇവല്യൂഷൻ പാർക്കും തൃശ്ശൂർ, കോട്ടയം ജില്ലകളിൽ ശാസ്ത്ര നഗരങ്ങളും സ്ഥാപിക്കുന്നതാണ്. 'കേരള സ്റ്റേറ്റ് സെന്റർഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻറ് ട്രെയിനിംഗ് ' അതിന്റെ ബ്രെയിലി പഠനകേന്ദ്രത്തെ ഒരു സംസ്ഥാനതല റിസോഴ്സ് സെന്ററാക്കി ഉയർത്തുന്നതാണ്. കേരള ചരിത്ര ഗവേഷണ കൗൺസിൽ മലയാളി കുടിയേറ്റങ്ങളുടെയും കുടിയേറ്റ സമൂഹങ്ങളുടെയും ചരിത്രം രേഖപ്പെടുത്തുന്നതാണ്. ഈ വർഷം തുടർ വിദ്യാഭ്യാസ കേന്ദ്രം

വിവിധങ്ങളായ തൊഴിൽ അധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുന്നതാണ്.

**41.** എന്റെ സർക്കാർ രാജ്യത്തെ 'ആദ്യ ഹരിത ദേശീയ ഗെയിംസ്'എന്ന നിലയിൽസംഘടിപ്പിക്കുന്ന,മുപ്പത്തിയഞ്ചാമത് ദേശീയ ഗെയിംസിന് ആതിഥ്യം വഹിക്കുന്നതിനായി തയ്യാറെടുക്കുന്ന പ്രക്രിയയിലാണ്. സംസ്ഥാനത്തെ ഏഴ് ജില്ല കളിലായി വ്യാപിച്ചുകിടക്കുന്ന വേദികളിൽ ഗെയിംസ് നടത്തുന്നതാണ്. ആന്യൂറ്റി (annuity) അടിസ്ഥാനത്തിൽ 290 കോടി രൂപ ചെലവ് വരുന്ന നാല് ഗ്രീൻ ഫീൽഡ് സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതും ആയത് സ്പോർട്സിന് അടിസ്ഥാനസൗകര്യം സൃഷ്ടിക്കുന്നതിൽ ഗെയിംസ് ബാക്കി വെയ്ക്കുന്ന ഒരു സംഭാവനയായിരിക്കുന്നതുമാണ്. ഗെയിംസിന്റെ നടത്തിപ്പുവേളയിൽ 5000 കായിക താരങ്ങളെയും ഉദ്യോഗ സ്ഥരെയും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു ഗെയിംസ് വില്ലേജും നിർമ്മിക്കുന്നുണ്ട്. കായിക താരങ്ങൾക്ക് അന്തർദ്ദേശീയ അവസരങ്ങൾ ലഭിക്കുവാനും വിദേശ കായിക പരിശീലകരെ ഏർപ്പെടുത്തുവാനും പ്രത്യേക പദ്ധതികൾക്കും സഹായകരമായ വിധത്തിൽ 'കേരള സ്പോർട്സ് ഡെവലപ്പ്മെന്റ് ഫണ്ട്' രൂപീകരിക്കുന്നതാണ്. തിരഞ്ഞെടുത്ത ഇനങ്ങളിൽ പ്രതിഭ യുള്ള കായികതാരങ്ങളെ രാജ്യാന്തര നിലവാരത്തിലേക്ക് പരിശീലിപ്പിക്കുന്നതിന് ഒരു 'എലൈറ്റ് അത്‌ലറ്റ്സ്

ട്രെയിനിംഗ് അക്കാഡമി' സ്ഥാപിക്കുന്നതാണ്. സ്കൂൾ കുട്ടികൾക്കായി 'ടോട്ടൽ ഫിസിക്കൽ ഫിറ്റ്നെസ് പ്രോഗ്രാമിന്റെ' (Total Physical Fitness Programme) പ്രധാന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ 'പ്ലേ എ ഗെയിം, പ്ലേ ഫോർ ഫൺ' 'സ്വിം ആൻറ് സർവൈവ്' പദ്ധതികൾ നടപ്പിലാക്കും. ഈ ഉദ്യമങ്ങൾക്ക് പഞ്ചായത്തുകളിലും സ്കൂളുകളിലും കോളേജുകളിലും കളിസ്ഥലങ്ങളും ചെലവ് കുറഞ്ഞ നീന്തൽക്കുളങ്ങളും നിർമ്മിക്കുന്നതുൾപ്പെടെയുള്ള കേരളാ സ്പോർട്സ് കൗൺസിലിന്റെ പ്രധാന പദ്ധതികളും ഏഷ്യൻ ഫുട്ബാൾ കോൺഫെഡറേഷന്റെ (A F C) സഹകരണത്തോടെയുള്ള വിഷൻ ഇൻഡ്യാ പദ്ധതിയും അനുപൂരകമാകുന്നതാണ്.

**42.** എന്റെ സർക്കാർ, വരും വർഷം ഒരു യുവജന നയം കൊണ്ടുവരികയും ഒരു യുവജന കമ്മീഷൻ സ്ഥാപിക്കുകയും ചെയ്യുന്നതാണ്. യുവജന ക്ഷേമബോർഡ്, ഒരു സംസ്ഥാന യുവജന കേന്ദ്രവും അഞ്ച് ജില്ലകളിൽ കൂടി യുവജന ഹോസ്റ്റലുകളും തൊഴിൽ അധിഷ്ഠിത പരിശീലനത്തിനായി ഒരു യുവജന പരിശീലന കേന്ദ്രവും സ്ഥാപിക്കുന്നതാണ്.

**43.** സുസ്ഥിര മത്സ്യബന്ധനം, അക്വാകൾച്ചർ, വ്യാപാരം ഇവയുടെ അഭിവൃദ്ധി ലക്ഷ്യമിട്ട് ഫിഷറീസിനും അക്വാ കൾച്ചറിനുമായി ഒരു പുതിയ നയം എന്റെ സർക്കാർ ആവിഷ്കരിക്കുന്നതാണ്. കടലിലെയും, നദികളിലെയും അമിത ചൂഷണവും മലിനീകരണവുംമൂലം മത്സ്യ സമ്പത്തിനുണ്ടാകുന്ന ശോഷണം തടയുന്നതിന് ഈ നയം തികച്ചും പ്രസക്തമാകുന്ന താണ്. എന്റെ സർക്കാർ, മാരിടൈം സേവനങ്ങളും വ്യവസായങ്ങളും പ്രോത്സാഹിപ്പിക്കുന്നതിനായി പുതിയ ഒരു മാരിടൈം നയം കൂടി രൂപീകരിക്കുന്നതാണ്. കേരളത്തിന്റെ മാരിടൈം വിഭവങ്ങളും സംരംഭക വൈദഗ്ധ്യവും വിനി യോഗിക്കുക, മാരിടൈം സേവനങ്ങളുടെയും ഉൽപന്നങ്ങളുടെയും ആവശ്യകത സൃഷ്ടിക്കുക, കേരളത്തിലെ പ്രധാന തുറമുഖങ്ങൾ ഒഴികെയുള്ളവയ്ക്ക് ചുറ്റും വ്യവസായ ക്ലസ്റ്ററുകൾ വികസിപ്പിക്കുക, തീരദേശ കപ്പൽ ഗതാഗതം പ്രോൽസാഹിപ്പിക്കുകയും സംസ്ഥാനത്തെ മാരിടൈം വ്യവസായത്തിന്റെയും വിനോദ സഞ്ചാരത്തിന്റെയും വിദ്യാഭ്യാസത്തിന്റെയും ഒരു ഹബ്ബും ലക്ഷ്യസ്ഥാനവുമായി സംസ്ഥാനത്തെ വികസിപ്പിക്കുകയും ചെയ്യുക എന്നീ വ്യത്യസ്ത വിഷയങ്ങളെയാണ് ഈ നയം വിഭാവനം ചെയ്യുന്നത്. എന്റെ സർക്കാർ, ഉൾനാടൻ മത്സ്യബന്ധനത്തിനും അക്വാകൾച്ചറിനുമായി 6000 ഹെക്ടറിൽ

മത്സ്യകൃഷിയും 3000 ഹെക്ടർ പാടശേഖരങ്ങളിൽ മത്സ്യ കൃഷിയും ചെമ്മീൻ കൃഷിയും 3000 ഹെക്ടർ ഓരുവെള്ള പ്രദേശങ്ങളിൽ ചെമ്മീൻ കൃഷിയും വികസിപ്പിക്കുന്നതി ലേയ്ക്കായി 700 ഗ്രാമ പഞ്ചായത്തുകളിലായി 'മത്സ്യസമൃദ്ധി' എന്ന ഒരു സംയോജിത പദ്ധതി നടപ്പിലാക്കുന്നതാണ്. 3000 കല്ലുമ്മേക്കായ് ഉൽപ്പാദന കേന്ദ്രങ്ങൾക്കും 150 ഞണ്ട് കൃഷിയും ഞണ്ട് കൊഴിപ്പിക്കൽ കേന്ദ്രങ്ങൾക്കും പുറമെ 150 ഹെക്ടർ കുളങ്ങളിലും 3000 അടുക്കള കുളങ്ങളിലും (Kitchen Ponds) 1000 മത്സ്യ കൂടുകളിലും 'സംസ്ഥാന മത്സ്യ'മായ കരിമീൻ വളർത്തലും കൂടി വിഭാവനം ചെയ്യുന്നു. കൊല്ലത്ത്, പ്രതിവർഷം 500 ടൺ ശേഷിയുള്ള, ഒരു പുതിയ വല നിർമ്മാണ ഫാക്ടറി ഈ മേഖലയിലെ ആവശ്യങ്ങൾ പരിഹരിക്കുന്നതിനായി മത്സ്യഫെഡിനെ സഹായിക്കും. കേരള മറൈൻ ഫിഷിംഗ് റെഗുലേഷൻ ആക്ട് ഫലപ്രദമായി നടപ്പിലാക്കുന്നതിനായി ആലപ്പുഴ, തൃശ്ശൂർ, മലപ്പുറം ജില്ലകളിൽ പുതിയ ഫിഷറീസ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതാണ്. മത്സ്യബന്ധന മേഖലയിലെ ഗുണഭോക്താക്കൾക്കായുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ഇലക്ട്രോണിക് ഫണ്ട് ട്രാൻസ്ഫർ മുഖേന ഗുണഭോക്താക്കളുടെ അക്കൌണ്ടുകളിലേയ്ക്ക് മാറ്റുന്നതാണ്. എന്റെ സർക്കാർ,

കേരളത്തിലെ 222 മത്സ്യബന്ധന വില്ലേജുകളുടെ സമഗ്ര വികസനം ഏറ്റെടുക്കുന്നതാണ്. വിഴിഞ്ഞം മത്സ്യബന്ധന തുറമുഖം പൂർണ്ണമായും പ്രവർത്തന സജ്ജമാക്കുകയും മുതലപ്പൊഴി, ചെത്തി, തലായി, കൊയിലാണ്ടി എന്നീ മത്സ്യബന്ധന തുറമുഖങ്ങളുടെ പണി പൂർത്തീകരിക്കുകയും പുതിയ മത്സ്യബന്ധന തുറമുഖങ്ങളായ മഞ്ചേശ്വരം, വെള്ളായിൽ, താനൂർ, പരപ്പനങ്ങാടി, അർത്തുങ്കൽ, വലിയതുറ എന്നിവിടങ്ങളിലെ പണികൾ ആരംഭിക്കുകയും ചെയ്യും. മത്സ്യബന്ധന മേഖലയിലെ വികസനത്തിനായി സംസ്ഥാനത്തിന്റെ വിഭവങ്ങൾക്കൊപ്പം 'നബാർഡിന്റെ' (NABARD) സഹായവും ഫലപ്രദമായി വിനിയോഗിക്കുന്നതാണ്.

**44.** സംസ്ഥാനത്തെ സഹകരണ പ്രസ്ഥാനത്തിന്റെ ചലനാത്മകത അതിന്റെ സാമൂഹിക-സാമ്പത്തിക പുരോഗതിയുടെ കേന്ദ്രമാണ്. അന്താരാഷ്ട്ര സഹകരണ വർഷമായ 2012-2013-ൽ സഹകരണ സംഘങ്ങളുടെ ആധുനികവൽക്കരണത്തിനും പ്രൊഫഷണലൈസേഷനും ഊന്നൽ നൽകുകയും വനിത, പട്ടികജാതി/പട്ടികഗോത്രവർഗ്ഗ സംഘങ്ങളെ പുനരുജ്ജീവിപ്പിക്കുകയും ചെയ്യുന്നതാണ്. എന്റെ

സർക്കാർ 'എൻ സി ഡി സി' (NCDC) യുടെ സഹായ ത്തോടെ തൃശ്ശൂർ, പാലക്കാട് ജില്ലകളിൽ ഇന്റഗ്രേറ്റഡ് കോ-ഓപ്പറേറ്റീവ് ഡെവലപ്മെന്റ് പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പിലാക്കുന്നതാണ്. ദരിദ്രർക്കും ആവശ്യക്കാർക്കും ആരോഗ്യ പരിപാലന ചെലവ് കുറയ്ക്കുന്നതിനായി സഹകരണ സംഘങ്ങൾ സുസജ്ജമായ ക്ലിനിക്കൽ ലബോറട്ടറികളും ഡയാലിസിസ് യൂണിറ്റുകളും ആരംഭിക്കുന്നതാണ്.

**45.** നമ്മുടെ വനങ്ങളുടെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്റെ സർക്കാർ ഊന്നൽ നൽകുന്നതാണ്. അതേസമയം, കർഷകരെയും അവരുടെ വിളകളെയും വന്യജീവികളിൽ നിന്നും സംരക്ഷിക്കുന്നത് ഉറപ്പാക്കുന്നതിനുള്ള പദ്ധതികൾ എന്റെ സർക്കാർ നടപ്പിലാക്കുന്നതാണ്. വനവാസികളുടെയും വനാതിർത്തിയിൽ താമസിക്കുന്ന സമൂഹങ്ങളുടെയും കഷ്ടനഷ്ടങ്ങൾ കുറയ്ക്കൽ വന്യജീവി ശല്യമുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഗോത്രവർഗ്ഗ കർഷകരെ സ്വമേധയാ മാറ്റി പാർപ്പിക്കൽ, വനവാസികൾ നേരിടുന്ന കഷ്ടപ്പാട് ലഘൂകരിക്കുന്നതിന് വേണ്ടി വനത്തിനുള്ളിലെ ഗോത്രവർഗ്ഗക്കാരുടെയും മറ്റ് സെറ്റിൽമെന്റുകളും തമ്മിലുള്ള ബന്ധം മെച്ചപ്പെടുത്തുന്നതിനുള്ള മാർഗ്ഗങ്ങൾ

ഉറപ്പുവരുത്തുക എന്നിവയ്ക്കുള്ള പരിശ്രമങ്ങൾ തുടരുന്നതാണ്. വനങ്ങളിലും സംരക്ഷിത പ്രദേശങ്ങളിലും സംയുക്ത വന പരിപാലനം ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് ഇക്കോ-ടൂറിസത്തിൽ ഊന്നൽ നൽകുക വഴി പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിന്നുള്ള പാരിസ്ഥിതിക ഭീഷണി കുറഞ്ഞു വരുന്നു. നിലവിൽ സംരക്ഷണമേഖലയ്ക്ക് പുറത്തുള്ള പെരിയാർ, പറമ്പിക്കുളം കടുവാസങ്കേതങ്ങളുടെ കോർ-ബഫർ പ്രദേശങ്ങളെ വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങളായി പ്രഖ്യാപിക്കുന്നതാണ്. വനത്തിന് പുറത്ത് പുരയിടങ്ങൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, കാവുകൾ എന്നിവിടങ്ങളിലെ ജൈവ വൈവിദ്ധ്യം സംരക്ഷിക്കുന്നതിനുള്ള നടപടികൾ ഊർജ്ജിതപ്പെടുത്തുന്നതാണ്. കാസറഗോഡ് ജില്ലയിൽ ഒരു പുതിയ ഫോറസ്റ്റ് ഡിവിഷനും ശബരിമലയിൽ രണ്ടെണ്ണം ഉൾപ്പെടെ പത്ത് മാതൃകാ ഫോറസ്റ്റ് സ്റ്റേഷനുകളും സ്ഥാപിക്കുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പത്തനാപുരത്ത് ഒരു പുതിയ 'ഫോറസ്റ്റ് ഇൻസ്പെക്ഷൻ ബംഗ്ലാവ് ' (IB) സ്ഥാപിക്കുന്നതാണ്. തൃശ്ശൂരിലെ പുത്തൂരിൽ ഒരു 'സുവോളജിക്കൽ പാർക്ക് ' സ്ഥാപിക്കുന്നതാണ്.

**46.** പരിസ്ഥിതിയും ആവാസവ്യവസ്ഥയും സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും എന്റെ സർക്കാർ ഏറിയ മുൻഗണന നൽകുന്നതാണ്. സംസ്ഥാനത്തിന്റെ പ്രധാന വികസന പദ്ധതികളുടെ പരിസ്ഥിതി ക്ലിയറൻസിനായി 'സ്റ്റേറ്റ് എൻവയോൺമെന്റ് ഇംപാക്ട് അസ്സസ്മെന്റ് അതോറിറ്റിയും' 'സ്റ്റേറ്റ് എക്സ്പർട്ട് അപ്രൈസൽ കമ്മിറ്റി'യും പ്രവർത്തനക്ഷമമായിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനത്തിന്റെ ആഘാതം ലഘൂകരിയ്ക്കുന്നതിന് സംസ്ഥാന കർമ്മപദ്ധതിയുടെ ഒരു കരടിന് അന്തിമരൂപം നൽകിയിട്ടുണ്ട്. എന്റെ സർക്കാർ വേമ്പനാട് പരിസ്ഥിതി വികസന അതോറിറ്റി രൂപീകരിക്കുന്നതാണ്. അച്ചൻകോവിൽ, പമ്പ, മണിമല, കൊട്ടൂർ, മീനച്ചിൽ, മൂവാറ്റുപുഴ എന്നീ നദികൾക്കായി പ്രത്യേക സംരക്ഷണ പാക്കേജുകൾ നടപ്പിലാക്കുന്നതാണ്. പ്ലാൻ സ്കീമുകളുടെ രൂപവത്കരണത്തിൽ 'എൻവയോൺമെന്റൽ ബഡ്ജറ്റിങ് ' കൊണ്ടുവരുന്നതാണ്. ബയോഡൈവേഴ്സിറ്റി ആക്റ്റിൻ കീഴിൽ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും രൂപീകരിച്ചിട്ടുള്ളതും വ്യാപകമായ പ്രശംസ നേടിയതുമായ ബയോഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റികളെ (BMCs) പാരിസ്ഥിതിക ബോധവത്കരണവും സംരക്ഷണവും പ്രദാനം ചെയ്യുന്ന ഒരു കേന്ദ്രമാക്കി മാറ്റുന്നതാണ്.

**47.** സംസ്ഥാനത്തിന്റെ സുസ്ഥിര വികസനത്തിൽ സുപ്രധാന പങ്ക് വഹിക്കുന്ന ടൂറിസം മേഖലയെ ചലനാത്മക മാക്കുക എന്നതാണ് എന്റെ സർക്കാരിന്റെ കാഴ്ചപ്പാട്. കേരളം ഏറ്റവും മുൻനിരയിലുള്ള ടൂറിസ്റ്റ് ഡെസ്റ്റിനേഷനായും രാജ്യത്തെ ടൂറിസത്തിന്റെ പ്രത്യക്ഷമുദ്രയായും തുടരുന്നു. കേരളത്തിലെ ടൂറിസത്തിന്റെ സൽപ്പേര് നിലനിർത്തുന്നതിനും ഉയർത്തുന്നതിനും നിലവിലുള്ളതും പുതിയതുമായ വിപണികളിൽ അതിന്റെ വിപണന പരിശ്രമങ്ങൾ തുടരുന്നതിനോടൊപ്പം സംസ്ഥാനത്തെ വിനോദസഞ്ചാര അടിസ്ഥാന വികസന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലും എന്റെ സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതാണ്. പുതിയതും ഏറെ അറിയപ്പെടാത്തതുമായ വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സാദ്ധ്യത ഉപയോഗപ്പെടുത്തുന്നതാണ്. അഞ്ച് വർഷത്തിനുള്ളിൽ അൻപത് വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്ന ലക്ഷ്യത്തോടെ സുപ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളുടെ സമഗ്ര വികസന പദ്ധതി നടന്നു വരികയാണ്. 'മുസ്സിരിസി'നെ സംസ്ഥാനത്തെ പരമപ്രധാന വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിന് 'മുസ്സിരിസി'ലെ ഹെറിറ്റേജ് പ്രോജക്ട് സർക്കാർ തുടരുന്നതാണ്. സംസ്ഥാനത്തെ വിനോദസഞ്ചാര വികസനത്തിന്റെ ചരിത്രത്തിൽ ആദ്യമായി ഒരു സമഗ്ര

വിനോദസഞ്ചാര നയം എന്റെ സർക്കാർ ആവിഷ്കരിക്കുകയുണ്ടായി. തീരുമാനമെടുക്കുന്നതിൽ സ്വകാര്യ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സർക്കാർ ഒരു 'സ്റ്റേറ്റ് ടൂറിസം അഡ്വൈസറി കമ്മിറ്റി' രൂപീകരിക്കുന്നതാണ്. തദ്ദേശീയ സമൂഹത്തിന് വിനോദസഞ്ചാരത്തിൽ നിന്നും നേട്ടങ്ങൾ ഉറപ്പു വരുത്തുക എന്ന ഉദ്ദേശ്യത്തോടെ ആരംഭിച്ച 'റെസ്പോൺസിബിൾ ടൂറിസം ഇനിഷ്യേറ്റീവ് ' കൂടുതൽ വിനോദ സഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. ആഭ്യന്തരവും രാജ്യാന്തരവുമായ പുതിയ ടൂറിസം വിപണികൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കുന്നതാണ്. കേരളത്തെ ഒരു 'ഇൻസെന്റീവ്' കേന്ദ്രമായും 'വെൽനസ്സ് ആന്റ് ആയുർവേദ'യുടെ പ്രധാന ആകർഷണ കേന്ദ്രമായും ശക്തിപ്പെടുത്തുന്നതിന് പ്രോത്സാഹന പരമായ സംരംഭങ്ങൾ ഉൾപ്പെടെയുള്ള പ്രത്യേക നടപടികൾ ആരംഭിക്കുന്നതാണ്. കൂടുതൽ പങ്കാളിത്തവും പരമ്പരാഗത കരകൗശല വിദ്യയുടെ ഉന്നമനവും ഉറപ്പു വരുത്തുന്നതിനായി ഗ്രാൻറ് കേരള ഷോപ്പിംഗ് ഫെസ്റ്റിവൽ ശക്തിപ്പെടുത്തുന്നതാണ്. കേരള ടൂറിസം 'വെയ്സ്റ്റ് ഫ്രീ ടൂറിസ്ററ് ഡെസ്റ്റിനേഷൻ ക്യാംപയിൻ' ഏറ്റെടുക്കുന്നതാണ്. കേരളത്തിലെ പരമ്പരാഗത വള്ളംകളി മത്സരങ്ങൾ പ്രദർശിപ്പിക്കുന്നതിനുള്ള ഒരു പുതിയ

സംരംഭം ആരംഭിക്കുന്നതാണ്. ബേക്കൽ, മുഴപ്പിലങ്ങാട്, കോഴിക്കോട്, ആലപ്പുഴ എന്നിവിടങ്ങളിലെ പ്രധാന അടിസ്ഥാന സൗകര്യപദ്ധതികൾ കെ റ്റി ഡി സി (KTDC) പൂർത്തീകരിക്കുന്നതാണ്.

**48.** എന്റെ സർക്കാർ, കയർ തൊഴിലാളികളുടെ ഏറ്റവും കുറഞ്ഞ വേതനം 285 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. 60,000 പെൻഷൻകാർക്ക് പ്രയോജനം ലഭിക്കത്തക്ക തരത്തിൽ കയർ തൊഴിലാളി പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് തൊണ്ട് സംഭരണ പദ്ധതിയും സാങ്കേതിക വിദ്യയിലൂടെയുള്ള നാരുല്പാദനവും ശക്തിപ്പെടുത്തുന്നതാണ്. ഈ മേഖലയിലെ വൈവിദ്ധ്യവൽക്കരണത്തിനുള്ള അടിയന്തിര ആവശ്യം കണക്കിലെടുത്ത് ഒരു പി വി സി (PVC) 'ടഫ്റ്റഡ് ഫാക്ടറി ' സ്ഥാപിക്കുന്നതും കയറിൽ നിന്നുള്ള കരകൗശല വസ്തുക്കളും മറ്റ് സ്മരണികകളും പ്രോത്സാഹിപ്പിക്കുന്നതും നാഷണൽ കയർ റിസർച്ച് ആൻറ് മാനേജ്മെൻറ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സഹായ ത്തോടുകൂടി നൂതന സാങ്കേതിക വിദ്യകൾ സ്വീകരിക്കുകയും ചെയ്യുന്നതാണ്. പൊതുമേഖലാ സ്ഥാപനങ്ങൾ, കയർഫെഡ്, കയർ മേഖലയിലെ സഹകരണസംഘങ്ങൾ, ചെറുകിട

ഉല്പാദകർ, സ്വകാര്യ സംരംഭകർ എന്നിവർ ഉൾപ്പെടുന്ന തല്പരകക്ഷികളുടെ ഓഹരികൾ കൊണ്ട് ഒരു 'കേരള കയർ മാർക്കറ്റിംഗ് കൺസോർഷ്യം' സ്ഥാപിക്കുന്നതാണ്. കയർ ഗ്രാമത്തിനുള്ള ഒരു സമഗ്ര പദ്ധതി ഈ വർഷം സമാരംഭിക്കുന്നതാണ്.

**49.** എന്റെ സർക്കാർ, സ്റ്റേറ്റ് കൗൺസിൽ ഫോർ സയൻസ്, ടെക്നോളജി ആന്റ് എൻവയോൺമെന്റിന്റെ കീഴിൽ 'ശ്രീനിവാസ രാമാനുജ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ബേസിക് സയൻസ്',' 'ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വെയ്സ്റ്റ് ലാന്റ് സ്റ്റഡീസ് ആന്റ് റിസർച്ച് ' എന്നീ രണ്ട് പ്രധാന ഇൻസ്റ്റിറ്റ്യൂട്ടുകൾ ആരംഭിക്കുന്നതാണ്. കേരളത്തിൽ നിന്നുള്ള പ്രഗത്ഭരായ ശാസ്ത്രജ്ഞൻമാർക്കും സാങ്കേതിക വിദഗ്ധർക്കുമായി കൗൺസിൽ, കേരള ശാസ്ത്ര പുരസ്കാരം ഏർപ്പെടുത്തുന്നതാണ്. കൗൺസിലിന്റെ നേതൃത്വത്തിലുള്ള ശാസ്ത്ര-സാങ്കേതിക സ്ഥാപനങ്ങൾ നടത്തുന്ന വിഷയ സംബന്ധിയും ആനുകാലിക പ്രാധാന്യമുള്ളതുമായ ഗവേഷണപഠനങ്ങളിൽ കാലാവസ്ഥാ വ്യതിയാനത്തെ സംബന്ധിച്ച സെസ്സിന്റെ പഠനം, കുട്ടനാട് മേഖലയിലെ ആലപ്പുഴ-ചങ്ങനാശ്ശേരി കനാലിന്റെ പാരി

സ്ഥിതിക ആഘാതത്തെ സംബന്ധിച്ച് നാറ്റ്പാക്കിന്റെ വിവിധ പഠനങ്ങൾ, മഴക്കാലത്ത് നിരന്തരമുണ്ടാകുന്ന വെള്ളപ്പൊക്കം പരിഹരിക്കുന്നതിനായി തിരുവനന്തപുരത്ത് ഒരു മോഡൽ കനാലിന്റെ വികസനം, 'ആക്സിഡന്റ് ബ്ലാക്ക് സ്പോട്ട് ഓൺ റോഡ്സ് യൂസിംഗ് ജിയോഗ്രഫിക്കൽ ഇൻഫർമേഷൻസിസ്റ്റം ആന്റ് റിമോർട്ട് സെൻസിംഗി'ന്റെ അവലോകനം എന്നിവ ഉൾപ്പെടുന്നതാണ്.

**50.** ഭവന നിർമ്മാണ മേഖലയിൽ സുസ്ഥിര വികസനം കൈവരിക്കുന്നതിന് സഹായകമായ അന്തരീക്ഷം സൃഷ്ടിക്കുന്നതിലേയ്ക്കായി എന്റെ സർക്കാർ പ്രയത്നിക്കുന്നതും ഒരു സമഗ്ര സംസ്ഥാന ഭവന വികസന പദ്ധതി ആവിഷ്കരിക്കുന്നതുമാണ്. നിർമ്മാണ സാങ്കേതികവിദ്യയുടെ വികസനത്തിൽ നൂതന സംരംഭങ്ങൾ പരിപോഷിപ്പിക്കുന്നതിന് ഒരു 'ടെക്നോളജി ഇന്നവേഷൻ ഫണ്ട് ' രൂപീകരിക്കുന്നതാണ്. ഭവനനിർമ്മാണമേഖലയിലെ തൊഴിലാളികളുടെ കാര്യശേഷി വർദ്ധിപ്പിക്കുന്നതിന് പ്രത്യേക കർമ്മ പദ്ധതികൾ ആവിഷ്കരിക്കൽ, പുത്തൻ സാങ്കേതികവിദ്യയുടെ പ്രയോഗവും പാഴ്ചെലവ് കുറയ്ക്കലും, ദുർബല വിഭാഗങ്ങൾക്ക് ന്യായവിലയ്ക്ക് ഭവനനിർമ്മാണ സാമഗ്രികളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന്

"കലവറ"കളുടെ ശൃംഖല സ്ഥാപിക്കൽ, 'ലാബിഷാസിന്റെ' (LABISHAS) ആഭിമുഖ്യത്തിൽ 'ഹൗസിംഗ് ആന്റ് ഹാബിറ്റാറ്റ് പാർക്കുകൾ' ആരംഭിക്കൽ എന്നിവയാണ് വിഭാവനം ചെയ്തിട്ടുള്ള മറ്റ് പ്രധാന നിർദ്ദേശങ്ങളിൽ ഉൾപ്പെടുന്നത്.

**51.** പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള 33,000 കി.മീ. വരുന്ന റോഡ് ശൃംഖലയുടെ ഗുണമേന്മ ഉറപ്പാക്കുന്നതിന് എന്റെ സർക്കാർ മുന്തിയ പരിഗണന നല്കുന്നതാണ്. ഏകദേശം 1300 കി.മീ. റോഡ് പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ 'ബി ഒ ടി/ആന്യൂറ്റി' (BOT/Annuity) മാതൃകയിൽ 'സ്റ്റേറ്റ് റോഡ് ഇംപ്രൂവ്മെന്റ് പ്രോജക്റ്റി'ന്റെ (SRIP) കീഴിൽ നിലവാരം ഉയർത്തുന്നതാണ്. റോഡുകളുടെ ദീർഘകാല അടിസ്ഥാനത്തിലുള്ള അറ്റകുറ്റപ്പണികളുടെ ഭാരിച്ച വാർഷിക ആവർത്തന ചെലവുകൾ കുറയ്ക്കുന്നതിന് ശബരിമലയിലേയ്ക്കുള്ള റോഡുകളുടെ കാര്യത്തിൽ അവലംബിച്ച രീതി തിരഞ്ഞെടുത്ത സംസ്ഥാന പാതകളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണ്. സിറ്റിറോഡ് ഇംപ്രൂവ്മെന്റ് പ്രോജക്ട് കോട്ടയം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നിവിടങ്ങളിലേയ്ക്ക് പൊതു-

സ്വകാര്യ പങ്കാളിത്ത (PPP) മാതൃകയിൽ വ്യാപിപ്പിക്കുന്നതാണ്. ലോക ബാങ്കിന്റെ ധനസഹായത്തോടു കൂടി 1356 കോടി രൂപ മതിപ്പു ചിലവിൽ 367 കി. മീ. വരുന്ന റോഡിന്റെ കൂടി നിലവാരം ഉയർത്തുന്നതാണെന്ന് ഈ സഭയെ അറിയിക്കുന്നതിൽ എന്റെ സർക്കാരിന് സന്തോഷമുണ്ട്. വരും വർഷം പൊന്നാനി മുതൽ വെങ്ങളം വരെയുള്ള ഒരു തീരദേശ പാതയുടെ നിർമ്മാണമേറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. പരിസ്ഥിതി സൗഹൃദ നിർമ്മാണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിലേയ്ക്കായി എന്റെ സർക്കാർ ഒരു സമഗ്ര 'ഗ്രീൻ ബിൽഡിംഗ്' നയം ആവിഷ്കരിക്കുന്നതും പൊതുമരാമത്ത് വകുപ്പ് നിർമ്മിക്കുന്ന പുതിയ കെട്ടിടങ്ങൾ ഈ നയത്തിന്റെ അടിസ്ഥാനത്തിലായിരിക്കുന്നതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വികസന അതോറിറ്റികളുടെയും സഹകരണത്തോടെ എല്ലാ പ്രധാന നഗരങ്ങളിലും വാഹനങ്ങൾക്ക് ബഹുനില പാർക്കിംഗ് സംവിധാനം നിർമ്മിക്കുന്നതാണ്. ഹിൽ ഹൈവേപ്രോജക്റ്റ് സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ടി നടപടികൾ സ്വീകരിക്കുന്നതാണ്.

**52.** എന്റെ സർക്കാർ, സംസ്ഥാനത്തെ ജലവിഭവങ്ങളുടെ സാമ്പത്തിക സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നതിൽ പരമാവധി ശ്രദ്ധ ചെലുത്തുന്നതാണ്. തീരദേശ മേഖലയുടെ നടത്തിപ്പിനും ഉൾനാടൻ ജലഗതാഗതത്തിന്റെ വികസനത്തിനും വേണ്ടി മൊത്തം 200 കോടി രൂപയുടെയും കുളങ്ങളുടെയും ജലാശയങ്ങളുടെയും നവീകരണത്തിന് 50 കോടി രൂപയുടെയും അടങ്കൽ വരുന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതിനുപുറമെ, ചെറുതും ഇടത്തരവുമായ ജലസേചന മേഖലയിലെയും ഉൾനാടൻ ജലഗതാഗത മേഖലയിലെയും പ്രവൃത്തികൾക്ക് ആർ ഐ ഡി എഫ് (RIDF)-നു കീഴിൽ നബാർഡിന്റെ 500 കോടി രൂപയുടെ ധനസഹായം പ്രയോജനപ്പെടുത്തിവരുന്നു. എന്റെ സർക്കാർ വ്യവസായ ക്ലസ്റ്ററുകളിലെ പാരിസ്ഥിതിക പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കർമ്മപദ്ധതികൾ രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നു. വീട്ടുവളപ്പുകളിൽ കൃഷിചെയ്യുന്ന വ്യക്തിക്കോ ചെറുകിട കർഷകരുടെ സംഘത്തിനോ ജലസേചനം ലഭ്യമാക്കുന്നതിനുവേണ്ടി 'ഹോംസ്റ്റെഡ് ഇറിഗേഷൻ'

എന്ന നൂതന സംരംഭത്തിന് രൂപം നൽകുന്നതാണ്. 'മൂവാറ്റുപുഴവാലി ഇറിഗേഷൻ പ്രോജക്റ്റ് ' 2012-ൽ കമ്മീഷൻ ചെയ്യുന്നതാണ്. 'മീനച്ചൽ റിവർവാലി പ്രോജക്റ്റ് ' നടപ്പിൽ വരുത്തുന്നതിനായി ഒരു വിദഗ്ധ സമിതിയെ നിയമിച്ചിട്ടുണ്ട്. 200 ഗ്രാമപഞ്ചായത്തുകളെ ഉൾക്കൊള്ളിച്ചുകൊണ്ട് 18.4 ലക്ഷം ജനങ്ങൾക്ക് പ്രയോജനപ്പെടുന്ന, ലോകബാങ്ക് സഹായത്തോടെയുള്ള 1022 കോടി രൂപയുള്ള ജലനിധി പ്രോജക്റ്റിന്റെ രണ്ടാം ഘട്ടത്തിന് ലോക ബാങ്ക് അംഗീകാരം നല്കിയിട്ടുണ്ട്. 'അന്തരീക്ഷ് ' (Antariksh) പ്രോജക്റ്റു വഴി കിട്ടുന്ന വിവരങ്ങൾ ശേഖരിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും വേണ്ടി വകുപ്പ്, ഹൈഡ്രോളജി ഡാറ്റാ ബാങ്ക് നടപ്പിലാക്കുന്നതാണ്. കേരള വാട്ടർ അതോറിറ്റി അടുത്ത വർഷം 'നബാർഡ് ' (സ്പാൻ)' [NABARD (SPAN)], 'എൻ ആർ ഡി ഡബ്ല്യു പി' (NRDWP), സംസ്ഥാന പദ്ധതി (State Plan) എന്നിവയ്ക്ക് കീഴിലുള്ള 114 വൻകിട ജലവിതരണ പദ്ധതികൾ പൂർത്തീകരിക്കാൻ ലക്ഷ്യമിടുന്നു. കമ്പ്യൂട്ടറൈസ്ഡ്

ബില്ലിംഗും കളക്ഷൻ സംവിധാനവും സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതാണ്. ഉപഭോക്താക്കളുടെ സൗകര്യം വർദ്ധിപ്പിക്കുന്നതിനായി, കേരള വാട്ടർ അതോറിറ്റി സംസ്ഥാനത്തൊട്ടാകെയുള്ള അതിന്റെ റവന്യൂ കളക്ഷനുവേണ്ടി പോസ്റ്റാഫീസുകളുടെ സേവനം ഉപയോഗപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നു.

**53.** എന്റെ സർക്കാർ, കോഴിക്കോട് ഒരു സൈബർ പാർക്ക് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. സംസ്ഥാനത്തെ നമ്മുടെ ഐ റ്റി പാർക്കുകളിൽ വാണിജ്യാവശ്യത്തിനുള്ള നിർമ്മിത സ്ഥലം നിലവിൽ ലഭ്യമായിട്ടുള്ള 104 ലക്ഷം ചതുരശ്ര അടിയോടൊപ്പം 53.5 ലക്ഷം ചതുരശ്ര അടി കൂടി അധികമായി ചേർത്തുകൊണ്ട് ഗണ്യമായ വർദ്ധനവ് ഈ വർഷം വരുത്തുന്നതാണ്. 'ഒറക്കിളും' (Oracle) 'കോഗ്നിസന്റും' (Cognizant) പോലുള്ള മുൻനിര ഐ ടി (IT) കമ്പനികളെ ആകർഷിക്കുവാൻ സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. ലോക നിലവാരത്തിലുള്ള, ഇത്തരം

സൗകര്യമുള്ള ഏഷ്യയിലെ ഏറ്റവും വലുതെന്ന് കണക്കാക്കപ്പെടുന്ന, ഒരു പരിശീലന കേന്ദ്രം ടി സി എസ് (TCS), തിരുവനന്തപുരത്ത് സ്ഥാപിച്ചുവരുകയാണ്. സ്മാർട്ട് സിറ്റിക്കുള്ള മാസ്റ്റർ പ്ലാൻ മൂന്നു മാസത്തിനുള്ളിൽ തയ്യാറാക്കുന്നതാണ്. എന്റെ സർക്കാർ, എല്ലാ പ്രധാന നഗരങ്ങളിലും ഐ സി റ്റി (ICT) മേഖലകൾ സ്ഥാപിക്കുന്നതാണ്. അക്ഷയ (Akshaya), ഇപ്പോൾ അതിന്റെ പത്താം വർഷത്തിൽ, നിലവിൽ രണ്ട് കോടിയിലധികം വരുന്ന പൗരന്മാരുടെ ജീവിതത്തെ സ്പർശിക്കുകയും 45 ലക്ഷം ജനങ്ങളെ എൻറോൾ ചെയ്യിപ്പിച്ച 'യു ഐ ഡി (UID) എൻറോൾമെന്റ് 'ഉൾപ്പെടെയുള്ള പദ്ധതികൾ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ, പാലക്കാട് ജില്ലകളിൽ ആരംഭം കുറിച്ചതും ഭാരത സർക്കാരിന്റെ 'ഐ റ്റി' (IT) വകുപ്പിന്റെ പ്രശംസ പിടിച്ചുപറ്റിയതുമായ 'ഇലക്ട്രോണിക് സർവ്വീസ്ഡെലിവറി' (e-district project) സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുന്നതാണ്. ഇലക്ട്രോണിക് സംവിധാനത്തിലൂടെ

ഫയൽ കൈകാര്യം ചെയ്യുവാൻ സാദ്ധ്യമാക്കുന്നതും ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ വിവര സാങ്കേതിക വിദ്യാവകുപ്പിലും ഭക്ഷ്യ-സിവിൽസപ്ലൈസ് വകുപ്പിലും നടപ്പിലാക്കിയിട്ടുള്ളതുമായ 'ഡിജിറ്റൽ ഡോക്യുമെന്റ് ഫയലിംഗ് സിസ്റ്റം' (DDFS) ഉന്നത വിദ്യാഭ്യാസ വകുപ്പിലും മറ്റ് വകുപ്പുകളിലും ഉടൻ തന്നെ നടപ്പിലാക്കുന്നതാണ്. ഇ-ഗവേണൻസും പൊതു സേവനങ്ങളുടെ ഇലക്ട്രോണിക് സേവന വിതരണത്തിന്റെ ലഭ്യതയും വർദ്ധിപ്പിക്കുന്നതിലേക്കായി ഒരു സമഗ്ര 'മൊബൈൽ ഗവേണൻസ് പ്ലാറ്റ് ഫോം' വികസിപ്പിച്ചിട്ടുണ്ട്.

**54.** സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിയിൽ ഊർജ്ജ മേഖലയ്ക്കുള്ള സുപ്രധാന പങ്ക് എന്റെ സർക്കാർ തിരിച്ചറിയുന്നു. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തോടെ ഊർജ്ജാവശ്യം 5250 മെഗാവാട്ടിലേക്ക് എത്തുമെന്ന് പ്രതീക്ഷിക്കുന്നു. വിവിധതരം ഊർജ്ജങ്ങളുടെ ശരിയായ സമന്വയം ഒന്നുകൊണ്ടു മാത്രമേ ഈ ആവശ്യം നിറവേറ്റാൻ സാധിക്കുകയുള്ളൂ. ബൈതരണി വെസ്റ്റ് കോൾ ബ്ലോക്കിൽ നിന്നും അനുവദിച്ചിട്ടുള്ള കൽക്കരി ഉപയോഗിച്ച്

ഒറീസ്സയിൽ 1000 മെഗാവാട്ട് വൈദ്യുതി കെ എസ് ഇ ബി (KSEB)-ക്ക് നല്കാൻ കഴിയുന്ന കൽക്കരി അധിഷ്ഠിത ഉൽപ്പാദന കേന്ദ്രം, ഒറീസ്സാ സർക്കാരുമായി ചേർന്നുകൊണ്ട് സ്ഥാപിക്കുന്നതാണ്. വരും വർഷത്തിൽ കെ എസ് ഇ ബി (KSEB), അഞ്ച് വ്യത്യസ്ത പദ്ധതികളിൽ നിന്നും 32-75 മെഗാവാട്ട് വൈദ്യുതി കൂടി അധികമായി ഉല്പാദിപ്പിക്കുവാനും, കൂടാതെ 55.20 മെഗാവാട്ട് മൊത്തം ഉത്പാദനശേഷിയുള്ള അഞ്ച് പുതിയ ജലവൈദ്യുത പദ്ധതികൾക്ക് ടെണ്ടർ നല്കുവാനും ഉദ്ദേശിക്കുന്നു. പെട്രോനെറ്റ് എൽ എൻ ജി (LNG) ലിമിറ്റഡുമായുള്ള സംയുക്ത സംരംഭമായി 1200 മെഗാവാട്ട് ശേഷിയുള്ള വാതകാധിഷ്ഠിത പവ്വർ പ്ലാന്റ് പുതുവൈപ്പിനിൽ സ്ഥാപിക്കുന്നതാണ്. അടുത്ത വർഷം, രാമക്കൽമേട്ടിൽ എൻ റ്റി പി സി (NTPC) മുഖേന കാറ്റിൽ നിന്നും എൺപത് മെഗാവാട്ട് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതാണ്. വിതരണ ശൃംഖല ശക്തിപ്പെടുത്തുന്നതിലേക്കായി 2012-13 കാലയളവിൽ രണ്ട് 220 കെ വി (KV) സബ് സ്റ്റേഷനുകളും പതിനൊന്ന്

110 കെ വി (KV) സബ് സ്റ്റേഷനുകളും അഞ്ച് 66 കെ വി (KV) സബ് സ്റ്റേഷനുകളും പതിനഞ്ച് 33 കെ വി (KV) സബ് സ്റ്റേഷനുകളും അനുബന്ധലൈനുകളും സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനായി 4500 ട്രാൻസ്ഫോർമറുകളും 3500 കിലോമീറ്റർ 11 കെ വി (KV) ലൈനുകളും കൂട്ടിച്ചേർക്കുന്നതിനും 6000 കിലോമീറ്റർ സിംഗിൾ ഫെയ്സ് ലൈൻ ത്രീഫെയ്സ് ലൈനാക്കി മാറ്റുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു പ്രതീക്ഷാത്മക പദ്ധതി കെ എസ് ഇ ബി (KSEB)-യ്ക്കുണ്ട്. അനെർട്ട് (ANERT), വരും വർഷം 10 മെഗാവാട്ട് അധികമായി ഉല്പാദിപ്പിക്കുന്നതിനായി സൗരോർജ്ജോപയോഗം പ്രചരിപ്പിക്കുന്നതാണ്. സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിൽ പ്രതിഫലം ഉല്പാദകൻ കൈപ്പറ്റിക്കൊണ്ട് ഉല്പാദിപ്പിക്കപ്പെടുന്ന വൈദ്യുതി കെ എസ് ഇ ബി (KSEB) ഗ്രിഡിലേക്ക് നല്കുകയും തദ്വാരാ ഗാർഹിക ഉപഭോക്താക്കൾക്ക് "ഉല്പാദക-ഉപഭോക്താവായി" സ്വയം മാറുവാൻ പ്രാപ്തമാക്കുകയും ചെയ്യുന്ന 10,000 'എസ് പി വി ഹോംസ്' പദ്ധതി അത്

സമാരംഭിക്കുന്നതാണ്. മൊത്തം ചെലവിന്റെ മൂന്നിൽ രണ്ടു ഭാഗം സബ്സിഡിയിൽ, മൂന്നിൽ ഒരു ഭാഗം കേന്ദ്ര സർക്കാരിൽ നിന്നും മൂന്നിൽ ഒരു ഭാഗം സംസ്ഥാന സർക്കാരിൽ നിന്നും ലഭിക്കുന്നതാണ്. ഗ്രിഡുമായി ബന്ധപ്പെട്ടിട്ടുള്ള പൈലറ്റ് പ്രോജക്റ്റ് എന്ന നിലയിൽ റിസർവോയറിൽ ഒരു മെഗാവാട്ടിന്റെ ഫ്ലോട്ടിംഗ് സൗരോർജ്ജപ്ലാന്റ് സ്ഥാപിക്കുവാനും കൂടി അനെർട്ട് (ANERT) ഉദ്ദേശിക്കുന്നു.

55. 'രാജീവ് ഗാന്ധി ഗ്രാമീൺ വൈദ്യുതീകരൺ യോജന'യിൻ (RGGVY) കീഴിൽ ബി പി എൽ-ലും പട്ടികജാതിയിലുംപെട്ട കുടുംബങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുന്നതിലേക്കായി വേണ്ടത്ര ഇലക്ട്രിക് പോസ്റ്റുകൾ സ്ഥാപിക്കുവാൻ കേന്ദ്ര സർക്കാർ അനുമതി നല്കിയിട്ടുണ്ട്. അടുത്ത രണ്ട് വർഷത്തിൽ എല്ലാ കുടുംബങ്ങൾക്കും വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനും സംസ്ഥാനത്താകമാനം വൈദ്യുതീകരണം പൂർത്തിയാക്കുന്നതിനും ഇലക്ട്രിക് പോസ്റ്റുകളുടെ ഈ ശൃംഖല ഫലപ്രദമായി ഉപയോഗപ്പെടുത്താമെന്ന് എന്റെ സർക്കാർ പ്രതീക്ഷിക്കുന്നു.

**56.** നമ്മളുടേത് പോലുള്ള ഒരു മാരിടൈം സംസ്ഥാനത്തിന്റെ സാമ്പത്തിക വികസനത്തിന് തുറമുഖങ്ങളുടെ വികസനം അത്യന്താപേക്ഷിതമാണ്. എന്റെ സർക്കാർ, വൻവികസന സാദ്ധ്യതയുള്ള ആറ് തുറമുഖങ്ങളെ പൊതു-സ്വകാര്യ പങ്കാളിത്തം മുഖേന വികസിപ്പിക്കുന്നതാണ്. പദ്ധതിയുടെ ഒന്നാം ഘട്ടത്തിന്, 4010 കോടി രൂപ അടങ്കലോടെ വിഴിഞ്ഞം തുറമുഖത്തെ 'ലാന്റ് ലോർഡ് പോർട്ട്' മാതൃകയിൽ ഒരു 'ഇന്റർനാഷണൽ ഡീപ്പ് വാട്ടർ മൾട്ടി പർപ്പസ് സീപോർട്ട് പ്രോജക്റ്റ്' ആയി വികസിപ്പിക്കുന്നതാണ്. ബേപ്പൂരിൽ, യൂണിയൻ പ്രദേശമായ ലക്ഷദ്വീപിന് വേണ്ടി ബർത്തിംഗ് സൗകര്യങ്ങളും പാസഞ്ചർ ടെർമിനലും, പൊന്നാനി തുറമുഖത്ത് എല്ലാ കാലാവസ്ഥയ്ക്കും അനുയോജ്യമായ ഒരു വിവിധോദ്ദേശ്യ സീപോർട്ട്, അഴീക്കലിൽ രണ്ട് നദീതീര വിവിധോദ്ദേശ്യ ടെർമിനലുകൾ, ഒരു സിമന്റ് ടെർമിനൽ, ഒരു വൻകിട തുറമുഖം എന്നിവയും കൊല്ലം തുറമുഖത്ത് സിമന്റ് സംഭരണ/പാക്കിംഗ് യൂണിറ്റ്, ആലപ്പുഴയിൽ കടലോരത്ത് ഒരു മറീന എന്നിവയുമാണ് നയപരമായി എടുത്തിട്ടുള്ള മറ്റു

പദ്ധതികളിൽ ഉൾപ്പെടുന്നത്. എന്റെ സർക്കാർ, മാരിടൈമുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളെയും ഏകോപിപ്പിക്കുന്നതിന് തുറമുഖ വകുപ്പിനെയും കേരള മാരിടൈം സൊസൈറ്റിയെയും കേരള സംസ്ഥാന മാരിടൈം വികസന കോർപ്പറേഷൻ ലിമിറ്റഡിനെയും ലയിപ്പിച്ചുകൊണ്ട് ഒരു സംസ്ഥാന മാരിടൈം ബോർഡ് രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

**57.** എന്റെ സർക്കാർ, സംസ്ഥാനത്തെ വൻകിടയല്ലാത്ത തുറമുഖങ്ങളെ മറ്റു മാരിടൈം സംസ്ഥാനങ്ങളിലെ വൻകിടയും വൻകിടയല്ലാത്തതുമായ തുറമുഖങ്ങളുമായി ബന്ധിപ്പിക്കുന്നതിന് കോസ്റ്റൽ ഷിപ്പിംഗ് പ്രവർത്തനങ്ങൾ സമാരംഭിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനായി ഒരു കർമ്മ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കോസ്റ്റൽ ഷിപ്പിംഗിന്റെ ആവശ്യം നിറവേറ്റുന്നതിനും ഉൾനാടൻ ജലഗതാഗതവുമായി സംയോജിപ്പിക്കുന്നതിനും വൻകിടയല്ലാത്ത വിവിധ തുറമുഖങ്ങളിൽ ആവശ്യമായ സൗകര്യങ്ങൾ ലഭ്യമാക്കിക്കൊണ്ടിരിക്കുകയാണ്.

**58.** ആഴക്കടലിൽ വെച്ചുണ്ടായ നമ്മുടെ രണ്ട് മത്സ്യ ത്തൊഴിലാളികളുടെ ദാരുണവും ദൗർഭാഗ്യകരവുമായ മരണ ത്തിന്റെ പശ്ചാത്തലത്തിൽ, തീരദേശ സുരക്ഷയ്ക്ക് കൂടുതൽ ഊന്നൽ നൽകുന്നതിന് എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. തീരദേശ സുരക്ഷ സുദൃഢമാക്കുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര സുരക്ഷാകോഡ് നടപ്പിലാക്കൽ, വിഴിഞ്ഞം, കൊല്ലം, ബേപ്പൂർ എന്നീ മൂന്ന് തുറമുഖങ്ങളിൽ പുരോഗമിച്ചുവരുന്നു. ഇൻഡ്യൻ നേവിയും കോസ്റ്റ് ഗാർഡും തുറമുഖ വകുപ്പും തീരക്കടലിലെ മറൈൻ പോലീസും തീരദേശ സുരക്ഷാ പരിപാടികൾ സംയുക്തമായി നടപ്പിലാക്കുന്നതാണ്.

**59.** സംസ്ഥാനത്തിന് റവന്യൂ സമാഹരണം ഫലപ്രദമായി നടത്താൻ കഴിയാത്തപക്ഷം യാതൊരു വികസനവും സാദ്ധ്യമാകുന്നതല്ല. എന്റെ സർക്കാർ, നികുതിഘടനയെ യുക്തിസഹമാക്കി അതിനെ കൂടുതൽ നിക്ഷേപ സൗഹൃദമാക്കുന്നതിന് ഉദ്ദേശിക്കുന്നു. നികുതി നടത്തിപ്പിന്റെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും കൃത്യമായി നികുതി അടയ്ക്കുന്നതിന് ഇൻസെന്റീവ് നൽകുന്നതിനും

നടപടികൾ കൈക്കൊള്ളുന്നതാണ്. വ്യാപാരികളുടെ കൂടുതൽ വിശ്വാസം ആർജ്ജിക്കുക, അനുവർത്തന ചെലവും വ്യവഹാരവും കുറയ്ക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുക എന്നതിനായിരിക്കും പരിശ്രമം. ജി എസ് ടി (GST) അനുരൂപമാക്കുവാൻ ഇ-ഗവേണൻസ് സമ്പ്രദായത്തിന്റെ നിലവാരമുയർത്തുന്നതാണ്. 'ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷ'ന്റെ പുതിയ കാമ്പസ് ഒരു ലക്ഷം ചതുരശ്ര അടിയിൽ കൂടുതൽ വിസ്തീർണ്ണത്തോടുകൂടി തിരുവനന്തപുരത്തുള്ള ശ്രീകാര്യത്ത് ഈ വർഷം കമ്മീഷൻ ചെയ്യുന്നതാണ്. സംസ്ഥാനത്തിന്റെ സാമ്പത്തിക സംവിധാനത്തിന്റെ നട്ടെല്ലായി നമ്മുടെ ട്രഷറികൾ സേവനം അനുഷ്ഠിച്ചുവരുന്നു. ഏറ്റവും നൂതനവിദ്യ ഉപയോഗിച്ചുള്ള കോർ ബാങ്കിംഗ് സംവിധാനത്തോടും സാമ്പത്തിക മാനേജ്മെന്റ് സംവിധാനങ്ങളോടും കൂടിയുള്ള നെറ്റ്വർക്കിംഗ്, യന്ത്രവൽക്കരണം, സംയോജനം, അടിസ്ഥാനസൗകര്യ വികസനം എന്നിവ മുഖേന സംസ്ഥാനത്തെ ട്രഷറികളെ

മാറ്റിയെടുക്കുന്നതിനായി തീവ്രയത്ന പരിപാടി ഏറ്റെടുക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**60.** വില നിയന്ത്രിക്കുന്നതിനും ജനങ്ങളെ, പ്രത്യേകിച്ച് പാവപ്പെട്ടവരെ, കുതിച്ചുയരുന്ന ഭക്ഷ്യവിലക്കയറ്റമെന്ന പ്രതിഭാസത്തിൽ നിന്നും സംരക്ഷിക്കുന്നതിനും സിവിൽ സപ്ലൈസ് വകുപ്പിന്റെ പദ്ധതികൾ സുപ്രധാനങ്ങളാണ്. റേഷൻ കാർഡുകളുടെ വിതരണത്തിനായി കെട്ടിക്കിടന്ന ഏകദേശം മൂന്ന് ലക്ഷത്തോളം അപേക്ഷകൾ അതിനായുള്ള പ്രത്യേക സംവിധാനം മുഖേന തീർപ്പാക്കാൻ കഴിഞ്ഞത് ശ്ലാഘനീയമാണ്. 22 ലക്ഷത്തോളം വരുന്ന ബി പി എൽ (BPL)-അന്ത്യോദയ (Antyodya) കുടുംബങ്ങൾക്ക് നിലവിൽ ഒരു രൂപയ്ക്ക് യഥാക്രമം 25-ഉം 35-ഉം കിലോ അരി ലഭിക്കുന്നു എന്നതിൽ എന്റെ സർക്കാർ അഭിമാനം കൊള്ളുന്നു. സംസ്ഥാനത്ത് ഒരു സമ്പൂർണ്ണ ബയോമെട്രിക്ക് ഐഡന്റിഫിക്കേഷൻ അടിസ്ഥാനമാക്കിയുള്ള സംയോജിത പൊതുവിതരണ സമ്പ്രദായം നിർവ്വഹണ ഘട്ടത്തിലാണ്. പൊതുവിതരണത്തിനുള്ള ഭക്ഷ്യധാന്യങ്ങളും മണ്ണെണ്ണയും

രഹസ്യമായി കടത്തിക്കൊണ്ടുപോകുന്നത് ഒഴിവാക്കുന്നതിനായി ഒരു 'വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം' നടപ്പാക്കുന്നതാണ്. വിപണി പ്രവർത്തനങ്ങളിലൂടെ, സപ്ലൈകോ (സിവിൽ സപ്ലൈസ് കോർപ്പറേഷൻ) അതിന്റെ പൊതുവിതരണ കേന്ദ്രങ്ങളുടെ ശൃംഖല മുഖേന പൊതുജനങ്ങൾക്ക് കുറഞ്ഞ നിരക്കിൽ അവശ്യസാധനങ്ങൾ, എഫ് എം സി ജി (FMCG) ഉല്പന്നങ്ങൾ, മരുന്നുകൾ എന്നിവ വിപണി ഇടപെടൽ പദ്ധതിയുടെ കീഴിൽ വിതരണം ചെയ്യുന്നത്, സംസ്ഥാനത്തെ ജനങ്ങൾക്ക് ഇത്തരം സാധനങ്ങൾ താങ്ങാവുന്ന വിലയിൽ ലഭ്യമാക്കുക എന്ന സർക്കാരിന്റെ നയത്തിന്റെ അവിഭാജ്യഘടകമായി തീർന്നിരിക്കുകയാണ്. സപ്ലൈകോ (SUPPLYCO) കൂടുതൽ സ്ഥലങ്ങളിൽ ഹൈപ്പർ മാർക്കറ്റുകളും ആധുനിക ഷോപ്പിംഗ് സൗകര്യത്തോടു കൂടിയ വിതരണ കേന്ദ്രങ്ങളും തുടങ്ങുന്നതും, കോന്നി സി എഫ് ആർ ഡി (CFRD)-യുടെ കീഴിൽ അത്യാധുനിക 'മൈക്രോ ബയോളജി' ലബോറട്ടറിയും

'ഇൻഡിജിനസ് ഫുഡ് ടെക്നോളജി' കോളേജും സ്ഥാപിക്കുന്നതാണ്.

**61.** സംസ്ഥാനത്തിന്റെ ക്രമാനുഗതമായ വളർച്ചയ്ക്കും അഭിവൃദ്ധിയ്ക്കും കാര്യക്ഷമമായ ഒരു പോലീസ് സേന അനുപേക്ഷണീയമാണ്. എന്റെ സർക്കാർ, സംസ്ഥാനത്ത് ഒരു ജനസൗഹൃദ പോലീസ് സംവിധാനം കെട്ടിപ്പടുക്കുവാൻ പരിശ്രമിക്കുന്നതാണ്. ഇത് പരക്കെ സ്വാഗതം ചെയ്യപ്പെട്ട കമ്മ്യൂണിറ്റി പോലീസിംഗ് സംവിധാനത്തെ കൂടുതൽ പ്രോത്സാഹിപ്പിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ്. സംസ്ഥാനം ഒരു സ്റ്റുഡന്റ് പോലീസ് ഫോഴ്സ് രൂപവൽക്കരിക്കുന്നതിൽ വഴിയൊരുക്കിയിട്ടുള്ളതും ഈ നൂതന സംവിധാനത്തെ കൂടുതൽ പരിപോഷിപ്പിക്കുകയും ചെയ്യുന്നതാണ്. എന്റെ സർക്കാർ, വനിതകൾക്ക് സിവിൽ പോലീസ് ആഫീസർ കേഡറിൽ 10 % സംവരണം ഉറപ്പുവരുത്തുന്നതിനായി ഒരു 'റിക്രൂട്ട്മെന്റ് ഡ്രൈവ് ' തുടങ്ങുവാൻ ഉദ്ദേശിക്കുന്നു. പട്ടികജാതി-പട്ടികഗോത്ര വർഗ്ഗങ്ങൾക്ക് എതിരെയുള്ള അതിക്രമങ്ങൾ കൈകാര്യം

ചെയ്യുന്നതിനായി മൂന്ന് പുതിയ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകൾ രൂപീകരിക്കുന്നതാണ്. സി ബി ഐ (CBI) മാതൃകയിൽ 'സ്റ്റേറ്റ് ബ്യൂറോ ഓഫ് ഇൻവെസ്റ്റിഗേഷൻ' രൂപീകരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. എല്ലാ ജില്ലകളിലും സൈബർ ക്രൈംവിംഗുകൾ രൂപീകരിക്കുന്നതാണ്. ഫലപ്രദമായ പ്രവർത്തനത്തിന്, പോലീസ് സേനയെ ഊർജ്ജസ്വലമാക്കുന്നതിന്റെ ഭാഗമായി, ആർ എഫ് ഐ ഡി (RFID) അധിഷ്ഠിതമായ ഇലക്ട്രോണിക് ബീറ്റ് മോണിറ്ററിംഗ് സംവിധാനം സംസ്ഥാനത്തെ പ്രധാന നഗരങ്ങളിൽ ഏർപ്പെടുത്തുന്നതാണ്. സ്ത്രീകൾക്ക് എതിരെയുള്ള കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യുന്നതിനായി ഒരു പ്രത്യേക 'കാൾ സെന്ററും' 'സ്വിഫ്റ്റ് റെസ്പോൺസ് ഫോഴ്സും' പ്രധാനപ്പെട്ട കോർപ്പറേഷനുകളിൽ ആരംഭിക്കുന്നതാണ്. അടിയന്തിര സാഹചര്യങ്ങൾ നേരിടുന്നതിനായി തിരുവനന്തപുരത്തും മറ്റു നഗരങ്ങളിലും ഒരു 'സ്വിഫ്റ്റ് ആക്ഷൻ ടീം' (SWAT) രൂപീകരിക്കുന്നതാണ്.

**62.** എന്റെ സർക്കാർ, ജയിൽ അന്തേവാസികളുടെ വിഭവശേഷി കണ്ടെത്തി അതിനനുസൃതമായി അവർക്ക് കൂടുതൽ തൊഴിൽ സാദ്ധ്യതയുള്ള മാർഗ്ഗങ്ങൾ ജയിലിൽ സൃഷ്ടിക്കുന്നതിന് പരിശ്രമിക്കുകയും വകുപ്പിന്റെ അടിസ്ഥാന സൗകര്യങ്ങളും ഭരണസൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതുമാണ്. ദ്രുതഗതിയിലുള്ള നഗരവൽക്കരണവും തത്ഫലമായുള്ള അത്യധികം ഉയരമുള്ള കെട്ടിടങ്ങളുടെ എണ്ണത്തിലുള്ള വർദ്ധനവും ഉയർത്തുന്ന വെല്ലുവിളികൾ കണക്കിലെടുത്ത് അഗ്നിശമന സേനാ വിഭാഗത്തിന് 'സ്കൈ ലിഫ്റ്റ്' (SKY LIFT) പോലുള്ള ആധുനിക ഗാഡ്ജറ്റുകൾ വാങ്ങുന്നത് വേഗത്തിലാക്കുന്നതോടൊപ്പം പഴയ വാഹനങ്ങൾ മാറ്റി പകരം വയ്ക്കുന്നതിനും എന്റെ സർക്കാർ മുൻഗണന നല്കുന്നതാണ്. വിയ്യൂരിൽ പൂർണ്ണതോതിലുള്ള ഒരു 'സിവിൽ ഡിഫൻസ് ആന്റ് ഹോം ഗാർഡ്സ് സ്റ്റേറ്റ് ലെവൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്' സ്ഥാപിക്കുന്നതാണ്.

**63.** എന്റെ സർക്കാർ, റവന്യൂ വകുപ്പിനുകീഴിൽ, നിരവധി പ്രധാനപ്പെട്ട പദ്ധതികൾ ആരംഭിക്കുന്നതാണ്. 2015-ാം

വർഷത്തോടെ കേരള സംസ്ഥാനത്തെ ഒരു 'സീറോ ലാന്റ് ലെസ് ' സംസ്ഥാനമാക്കുന്നതിനായുള്ള ഒരു പദ്ധതി മിഷൻ മോഡിൽ നടപ്പാക്കുന്നതാണ്. ഈ ലക്ഷ്യത്തിലേക്കായി, ഇപ്പോൾ റെക്കാർഡ് വേഗത്തിൽ നടന്നു വരുന്ന പട്ടയ വിതരണ പ്രവർത്തനങ്ങൾ ഇരട്ടി വേഗത്തിലാക്കുന്നതാണ്. ആലപ്പുഴയിലെ ആർ-ബ്ലോക്കിലെ ഭൂമി, അത് ആദ്യമായി അനുവദിച്ചു കിട്ടിയവരിൽ നിന്നും ഏതാണ്ട് പൂർണ്ണമായും അന്യാധീനപ്പെട്ട കളങ്കിത ചരിത്രമാണുള്ളത്. ആർക്കുവേണ്ടി യാണോ ഉദ്ദേശിച്ചിട്ടുള്ളത് അത് അവർക്കുതന്നെ ലഭിക്കുന്നു എന്ന് എന്റെ സർക്കാർ ഉറപ്പുവരുത്തുന്നതാണ്. ചെങ്ങറ ഭൂസമരത്തിലെ ഭൂരഹിതരുടെ അഭിലാഷങ്ങൾ എന്റെ സർക്കാർ മനസ്സിലാക്കിക്കൊണ്ട് ഇനിയും പട്ടയം കിട്ടാനുള്ള എല്ലാ ആളുകൾക്കും അത് വിതരണം ചെയ്യുന്നതാണ്.

**64.** രജിസ്ട്രി ഓൺലൈൻവഴി ട്രാൻസ്ഫർ ചെയ്യുന്ന തിനുള്ള 'പൈലറ്റ് പ്രോജക്റ്റ് ' (RELIS) അടുത്ത വർഷം ഒൻപതു ജില്ലകളിലെ 557 വില്ലേജുകളിൽ കൂടി

ആരംഭിക്കുന്നതാണ്. സംസ്ഥാനത്ത് മെച്ചപ്പെട്ട 'ലാന്റ് ഗവേണൻസി'നായി ഒരു 'കേരള ലാന്റ് ഗവേണൻസ് സൊസൈറ്റി, 'പ്രോഗ്രാം മാനേജ്മെന്റ് യൂണിറ്റാ'യി ഈ വർഷം പ്രവർത്തനക്ഷമമാക്കുന്നതാണ്. സർക്കാരിലേക്ക് അടയ്ക്കുന്നതിന് സമാഹരിച്ച തുകകൾ ഒടുക്കുന്നതിലേക്കായി ഒരു 'ഓൺലൈൻ പെയ്മെന്റ് ഗേറ്റ് വേ' ആരംഭിക്കുന്നതാണ്. എന്റെ സർക്കാർ, തരിശായി കിടക്കുന്ന സർക്കാർ ഭൂമിയിൽ വാണിജ്യ പ്രാധാന്യമുള്ള മഹാഗണി, തേക്ക്, ഈട്ടി പോലുള്ള വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുകയും അവയുടെ മേൽനോട്ടം പ്രാദേശിക വിദ്യാർത്ഥി സമൂഹങ്ങൾക്ക് നൽകുകയും ചെയ്തുകൊണ്ട് 'ട്രീ ബാങ്ക് ' (Tree Bank) എന്ന ആശയം പ്രാവർത്തികമാക്കുന്നതാണ്. പുനരധിവാസ- റീസെറ്റിൽമെന്റ് നയത്തിന് അനുസൃതമായിട്ടാണ് ഭാവിയിലെ എല്ലാ ഭൂമി ഏറ്റെടുക്കലുകളും നടക്കുന്നത് എന്ന് എന്റെ സർക്കാർ ഉറപ്പുവരുത്തുന്നതാണ്. സംസ്ഥാനത്ത് ലഭ്യമായ ശേഷിക്കുന്ന മിച്ചഭൂമി വിവിധ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

മുല്ലപ്പെരിയാർ ഡാമിന്റെ സുരക്ഷ സംബന്ധിച്ച് ഉയരുന്ന ഗുരുതരമായ ആശങ്കകളുടെ പശ്ചാത്തലത്തിൽ കേരള സംസ്ഥാന ദുരന്തനിവാരണ അതോറിറ്റി, 'മുല്ലപ്പെരിയാർ ക്രൈസിസ് മാനേജ്മെന്റ് ' പ്ലാനിന് രൂപം നല്കിയിട്ടുണ്ട്.

**65.** പ്രഖ്യാപിക്കപ്പെട്ട അബ്കാരി നയത്തിന്റെ വെളിച്ചത്തിൽ, എല്ലാ തത്പരകക്ഷികളുമായി കൂടിയാലോചിച്ച്, നിയമപരവും സ്ഥാപനസംബന്ധിയും, വ്യവസ്ഥാപിതവുമായ ചട്ടക്കൂട് പരിഷ്കരിക്കാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു. ഉന്നതനിലവാരത്തിലുള്ള വിനിമയ ശൃംഖലയും അത്യാധുനിക ആയുധങ്ങളും ഗതാഗത സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിലൂടെ എക്സൈസ് വകുപ്പ് ആധുനികവൽക്കരിക്കുന്നതാണ്. എക്സൈസ് ജീവനക്കാരുടെ ശേഷി മതിയായ വൈദഗ്ധ്യതലത്തിലേയ്ക്ക് ഉയർത്തുന്നതിനായി എക്സൈസ് അക്കാഡമിയെ പൂർണ്ണമായും പ്രവർത്തനസജ്ജമാക്കുന്നതാണ്. കുറ്റവാളികളെ നേരിടുന്ന തിനായി ഒരു ദ്രുതകർമ്മസേനയ്ക്ക് രൂപം നൽകുന്നതാണ്. സ്കൂൾ-കോളേജ് കാമ്പസുകളിൽ മദ്യാസക്തിക്കെതിരെ ബോധ വൽക്കരണ പ്രചാരണം തീവ്രമാക്കുന്നതും നയപരമായ

പരിപാടികളിലൂടെ സന്നദ്ധസംഘടനകൾ, സർക്കാർ മാധ്യമങ്ങൾ എന്നിവയുടെ സഹകരണത്തോടെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും എത്തിച്ചേരുന്നതിലേയ്ക്ക് 'മദ്യവിമുക്ത കേരളം' എന്ന ഒരു പരിപാടി ആരംഭിക്കുന്നതു മാണ്. കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ അതിന്റെ കോർപ്പറേറ്റ് സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി സർക്കാരിതര സംഘടനകൾ നടത്തുന്ന ഡി-അഡിക്ഷൻ കേന്ദ്രങ്ങളുടെ നെറ്റ്‌വർക്ക് മുഖേന സഹായ സേവന പരിപാടികൾ ആരംഭിക്കുന്നതാണ്.

**66.** സംസ്ഥാനത്തെ വാഹനങ്ങളും കാൽനടക്കാരും ഉൾപ്പെടുന്ന റോഡ് ഉപയോക്താക്കളുടെ സുരക്ഷയിൽ സംസ്ഥാന ഗതാഗത വകുപ്പ് സുപ്രധാനമാകുന്നതിനോടൊപ്പം സംസ്ഥാന ഖജനാവിലേയ്ക്കുള്ള വരുമാനത്തിന്റെ ഒരു മുഖ്യ സ്രോതസ്സും കൂടിയാണ്. എന്റെ സർക്കാർ റോഡ് വാഹന സുരക്ഷാ പ്രവർത്തനങ്ങൾ കൂടുതൽ ഫലപ്രദമായ രീതിയിൽ നടപ്പിലാക്കുന്നതിന് ഊന്നൽ നൽകുവാൻ ഉദ്ദേശിക്കുന്നു. തിരുവനന്തപുരം നഗരത്തിൽ നടപ്പാക്കി വരുന്ന ആധുനിക

നിരീക്ഷണ പരിപാടി (സർവൈലൻസ് പ്രോഗ്രാം) മറ്റു നഗരങ്ങളിലേക്കും വ്യാപിപ്പിക്കുന്നതാണ്. നിലവിൽ സബ് റീജിയണൽ ട്രാൻസ് പോർട്ട് ആഫീസുകൾ ഇല്ലാത്ത താലൂക്കുകളിൽ അവ ഘട്ടംഘട്ടമായി ആരംഭിക്കുന്നതാണ്. റവന്യൂ സമാഹരണം വർദ്ധിപ്പിക്കുന്നതിനായി പതിനേഴ് പുതിയ സ്ക്വാഡുകൾ ഉൾപ്പെടുത്തി എൻഫോഴ്സ്മെന്റ് വിംഗിനെ ശക്തിപ്പെടുത്തുന്നതാണ്. കൈയിൽ കൊണ്ടു നടക്കാവുന്ന റഡാറുകൾ, ഇന്റർസെപ്റ്ററുകൾ ഉൾപ്പെടെ നൂതന സാങ്കേതികവിദ്യ ഉൾപ്പെടുത്തിക്കൊണ്ട് വകുപ്പിനെ ശക്തിപ്പെടുത്തുന്നതാണ്. കോഴിക്കോട് ചേവായൂരിലെ പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച വാഹനപരിശോധനാ കേന്ദ്രവും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കും പൂർത്തീകരിക്കുക, മൂന്ന് ജില്ലകളിൽ കൂടി കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ സ്റ്റേഷനും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്ക് സിസ്റ്റവും സ്ഥാപിക്കുക, കൂടുതൽ കാര്യക്ഷമമായി പ്രവർത്തനങ്ങൾ നടത്തുന്നതിനായി പിടിച്ചെടുക്കുന്ന വാഹനങ്ങൾ സൂക്ഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഒരേക്കർ വിസ്തീർണ്ണമുള്ള റിറ്റൻഷൻ യാർഡുകൾ

ഏർപ്പെടുത്തുക എന്നിവ ഈ വർഷം നടപ്പാക്കുന്ന സുപ്രധാന മായ അടിസ്ഥാന വികസന പദ്ധതികളിൽ ഉൾപ്പെടുന്നതാണ്. ഇടപ്പാളിലെ ഡ്രൈവർ ട്രെയിനിംഗ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പൂർത്തീകരിക്കുന്നതാണ്. വളരെക്കാലം കാത്തിരുന്ന പാലക്കാട്ടെ ഇന്റഗ്രൽ കോച്ച് ഫാക്ടറിയുടെ നിർമ്മാണോ ദ്ഘാടനം നിർവഹിച്ചു കഴിഞ്ഞു. ആദ്യ ഘട്ടത്തിൽ, അടുത്ത മൂന്ന് വർഷങ്ങളിൽ, പ്രസ്തുത യൂണിറ്റിൽ നാനൂറു വാഗണുകൾ നിർമ്മിക്കപ്പെടുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**67.** കൂടുതൽ പാരിസ്ഥിതിക സുസ്ഥിരതയുള്ള ഒരു ഗതാഗത സംവിധാനം സംസ്ഥാനത്ത് പടുത്തുയർത്തുന്നതിൽ ജലഗതാഗതത്തിന്, ഒരു ഗതാഗതമാർഗമെന്ന നിലയിൽ, മുഖ്യസ്ഥാനമാണുള്ളത്. പോഞ്ഞിക്കരയിൽ സ്ലിപ്പ്‌വേയുടെ നിർമ്മാണം, എല്ലാ ബോട്ടുകളിലും ടിക്കറ്റ് നൽകുന്ന യന്ത്രങ്ങൾ ഏർപ്പെടുത്തൽ, രണ്ട് ഡബിൾ ഡക്കർ പാസഞ്ചർ കം ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണം എന്നിവ ജലഗതാഗത മേഖലയിലെ സുപ്രധാന പ്രോജക്റ്റുകളിൽ ഉൾപ്പെടുന്നവയാണ്. മലബാർ

മേഖലയുടെ ആവശ്യം നിറവേറ്റുന്നതിലേക്ക്, പയ്യന്നൂരിൽ ഒരു പുതിയ 'സ്ലിപ്പ്‌വേ കം വർക്ക് ഷോപ്പിന് ' പദ്ധതി തയ്യാറാക്കി വരികയാണ്.

**68.** രജിസ്ട്രേഷൻ വകുപ്പിൽ, കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും ഇ-ഗവേണൻസിലൂടെ പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം പ്രദാനം ചെയ്യുന്നതിനും എന്റെ സർക്കാർ ഊന്നൽ നൽകുന്നതാണ്. സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില നിശ്ചയിക്കുന്നതിൽ നിലനിൽക്കുന്ന അപാകതകൾ പരിഹരിക്കുന്നതാണ്. തിരുവനന്തപുരത്തുള്ള സംസ്ഥാന ഡാറ്റാ സെന്ററിലെ സമാഹൃത ഡാറ്റാബേസിൽ രജിസ്ട്രേഷൻ സംബന്ധിച്ച എല്ലാ ഡാറ്റകളും കേന്ദ്രീകൃതമാക്കുന്നതും ആയത് റവന്യൂ വകുപ്പിന്റെ സഹകരണത്തോടെ ഓൺലൈൻ വഴിയുള്ള ഭൂമിയുടെ പോക്കുവരവിന് സഹായകരമാക്കുന്നതുമാണ്. വിഭാവനം ചെയ്യപ്പെടുന്ന മറ്റു പ്രധാന ഉദ്യമങ്ങളിൽ വിവിധ സേവനങ്ങൾക്ക് ഫീസ് ഒടുക്കുന്നതിന് ഇ-പേയ്മെന്റ് സൗകര്യം ഏർപ്പെടുത്തുക, പാർട്ട്ണർഷിപ്പ് ഓൺലൈൻ ആയി

രജിസ്റ്റർ ചെയ്ത സർട്ടിഫിക്കറ്റ് ഓൺലൈനായി ലഭ്യമാക്കുക എന്നിവ ഉൾപ്പെടുന്നതാണ്.

**69.** ശബരിമല തീർത്ഥാടനത്തിനും, ശബരിമല മാസ്റ്റർ പ്ലാനിന്റെ നടപ്പാക്കലിനും എന്റെ സർക്കാർ മുന്തിയ പരിഗണനയും പ്രാധാന്യവും നൽകുന്നു. ഈ തീർത്ഥാടന കാലം സുരക്ഷിതവും, അപകടരഹിതവും ശുചിത്വപൂർണ്ണവും ആക്കി ത്തീർക്കുന്നതിന് ഫലപ്രദമായ ക്രമീകരണങ്ങൾ വിജയകരമായി ഏർപ്പെടുത്തുന്നതിനും തിരുവിതാംകൂർ ദേവസ്വം ബോർഡും സർക്കാർ വകുപ്പുകളും തമ്മിലുള്ള ശരിയായ ഏകോപനം കൈവരിക്കുന്നതിനും എന്റെ സർക്കാരിന് ഈ വർഷം കഴിഞ്ഞിട്ടുണ്ട്. ശബരിമലയിൽ കഴിഞ്ഞ സീസണിൽ ആരംഭിച്ച 'സീറോ വേസ്റ്റ് പ്രോഗ്രാം' ഒരു വൻ വിജയമായിരുന്നു. പുല്ലുമേട് ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സുരക്ഷാക്രമീകരണങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സമഗ്രമായ ശബരിമല സുരക്ഷാ മാനുവൽ നടപ്പിലാക്കി വരുന്നു. എന്റെ സർക്കാർ ക്ഷേത്രക്കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിനുള്ള ഒരു പരിപാടി തയ്യാറാക്കിയിട്ടുണ്ട്. മലബാർ മേഖലയിലെ

ക്ഷേത്രങ്ങളോടനുബന്ധിച്ചുള്ള തനതു കലകളും അനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട രേഖകളും ഉപകരണങ്ങളും ശേഖരിക്കുന്നതിനും സംരക്ഷിക്കുന്നതിനും ഈ കലകളിലും അതു പോലെതന്നെ വേദ-താന്ത്രിക കലകളിലും പരിശീലനം നൽകുന്നതിനുമായി മലബാർ ദേവസ്വം ബോർഡിന്റെ ആഭിമുഖ്യത്തിൽ ഒരു ക്ഷേത്രകലാ പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതാണ്. എന്റെ സർക്കാർ, ഗുരുവായൂർ ദേവസ്വത്തിന്റെ സമഗ്ര പുരോഗതിക്ക് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതാണ്. ഗുരുവായൂർ ക്ഷേത്രത്തിന്റെ സുരക്ഷ ശക്തിപ്പെടുത്തുന്നതിന് മാത്രമായി ഒരു പോലീസ് സ്റ്റേഷൻ സ്ഥാപിക്കുന്നതാണ്. മതിയായ മനുഷ്യശക്തിയും ആധുനിക ഹൈ-ടെക് ഇലക്ട്രോണിക് നിരീക്ഷണ ഉപകരണങ്ങളും ഉൾപ്പെടുത്തി ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിന് ഒരു അത്യാധുനിക സുരക്ഷാകവചം സ്ഥാപിക്കുന്നതാണ്.

**70.** സച്ചാർ കമ്മിറ്റി റിപ്പോർട്ടിനെ തുടർന്ന് രൂപീകൃതമായ ന്യൂനപക്ഷ ക്ഷേമ വകുപ്പിനെ ഒരു അനുബന്ധ വകുപ്പ് എന്നതിൽനിന്നും ഒരു സമ്പൂർണ്ണ സെക്രട്ടേറിയറ്റ്

വകുപ്പായി ഉയർത്തുന്നതാണ്. വയനാട് ജില്ലയിൽ നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ 'മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാമിന് ' സമാനമായ 'മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം' നടപ്പിലാക്കുന്നതിനായി അൻപത് ന്യൂനപക്ഷ കേന്ദ്രിത ബ്ലോക്കുകളെ സംസ്ഥാനത്ത് കണ്ടെത്തുന്നതാണ്.

**71.** പ്രവാസി കേരളീയരുടെ ക്ഷേമം എന്റെ സർക്കാർ പ്രഥമ പരിഗണന നൽകുന്ന ഒരു വിഷയമായിരിക്കും. തിരുവനന്തപുരത്ത് അടുത്തിടെ സമാപിച്ച എൻ ആർ കെ മീറ്റ് (NRK) പ്രവാസി കേരളീയരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിന് ചില പ്രധാനപ്പെട്ട പദ്ധതികൾ നിർദ്ദേശിച്ചിരുന്നതും, അവ പുത്തൻ ഉണർവ്വോടെ നടപ്പിലാക്കുന്നതുമാണ്. സാങ്കേതിക കാരണങ്ങളാലും ക്രിമിനൽ കുറ്റം അല്ലാത്ത ചാർജ്ജുകളാലും ഗൾഫ് രാജ്യങ്ങളിലെ ജയിലുകളിൽ തടവിൽ കഴിയുന്നവർക്ക് നിയമസഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ജയിലിൽനിന്നും വിട്ടയയ്ക്കപ്പെടുന്നവർക്ക്, കേരളത്തിലേക്കുള്ള മടക്കയാത്രാ ചെലവ് താങ്ങാൻ കഴിയാത്ത

സംഗതികളിൽ അവർക്ക് സൗജന്യ വിമാന ടിക്കറ്റ് എത്തിച്ചുകൊടുക്കുന്ന 'സ്വപ്നസാഫല്യം' പദ്ധതി ഇതിനകം തന്നെ ആരംഭിച്ചിട്ടുണ്ട്. ഗൾഫ് രാജ്യങ്ങളിൽ അധികവും തദ്ദേശീയരെ വിവിധ തൊഴിലുകളിൽ നിയമിക്കുന്നതിന് താല്പര്യപ്പെടുന്നു എന്ന വസ്തുതയുടെ വെളിച്ചത്തിൽ ഗൾഫ് രാജ്യങ്ങളിൽ നിന്നും മടങ്ങി വരുന്നവർക്ക് പുനരധിവാസ പദ്ധതികൾ ആവിഷ്കരിക്കുവാൻ എന്റെ സർക്കാർ ഉദ്ദേശിക്കുന്നു.

**72.** സാംസ്കാരികകാര്യ വകുപ്പിന് കേരളത്തിന്റെ സമ്പന്നവും ജീവസ്സുറ്റതുമായ സംസ്കാരവും, സാഹിത്യവും, കലാരൂപങ്ങളും സംരക്ഷിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്യുക എന്ന ദൗത്യം ഉണ്ട്. പുരാരേഖശേഖരങ്ങളിലെ രേഖകൾ ഡിജിറ്റൈസ് ചെയ്യുന്നതിനും ഹെറിറ്റേജ് കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും, സ്മാരകങ്ങളുടെ സ്ട്രക്ചറൽ ആന്റ് കെമിക്കൽ കൺസർവേഷൻ ജോലികൾക്കും ആയിരിക്കും ഊന്നൽ നൽകുക. സ്വാതന്ത്ര്യ സമര ചരിത്രം സംബന്ധിച്ച ഒരു ദേശീയ മ്യൂസിയം തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതും തിരുവിതാംകൂറിൽ സ്വാതന്ത്ര്യ പ്രസ്ഥാനത്തിലേക്ക് നയിച്ച

'സ്റ്റേറ്റ് കോൺഗ്രസ്സ് കോൺഫറൻസി'ന്റെ സ്മരണാർത്ഥം വട്ടിയൂർക്കാവിൽ ഒരു സ്മാരകവും നിർമ്മിക്കുന്നതാണ്. ഡോ. ബി. ആർ. അംബേദ്കറുടെ തിരഞ്ഞെടുത്ത കൃതികളുടെ 40 വാല്യങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിച്ചതുവഴി മലയാളം ഈ നേട്ടം കൈവരിക്കുന്ന ആദ്യ ഭാരതീയ ഭാഷയായി. പുരാരേഖാ വകുപ്പ് മതിലകം പ്രോജക്ട് പൂർത്തിയാക്കുന്നതും വിശിഷ്ട വ്യക്തികളുടെ കൈയൊപ്പും കൈയെഴുത്തും പ്രദർശിപ്പിക്കുന്നതിനായി ഒരു 'സിഗ്നേച്ചർ ആർക്കൈവ്സ് മ്യൂസിയം' സ്ഥാപിക്കുന്നതുമാണ്. പുരാവസ്തു വകുപ്പ്, ഫോട്ടോ-വീഡിയോ സാങ്കേതിക വിദ്യകൂടി പ്രയോജനപ്പെടുത്തി കേരളത്തിലെ എല്ലാ സ്മാരകങ്ങളുടെയും സമഗ്ര രേഖ തയ്യാറാക്കുന്ന ജോലി ഏറ്റെടുക്കുന്നതാണ്. തിരുവനന്തപുരത്ത് ഒരു 'ന്യൂമിസ്മാറ്റിക്ക് മ്യൂസിയം' സ്ഥാപിക്കുക, യുനെസ്കോയുടെ (UNESCO's) 'വേൾഡ് ഹെറിറ്റേജ് സൈറ്റിൽ' ഉൾപ്പെടുത്തി കിട്ടത്തക്കവിധം എടയ്ക്കൽ ഗുഹയുടെ സംരക്ഷണ പ്രവൃത്തികൾ പൂർത്തിയാക്കുക എന്നിവ എന്റെ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന മറ്റു പ്രധാന ഉദ്യമങ്ങളിൽ ഉൾപ്പെടുന്നു.

വരുംവർഷം, മൃഗശാലയും കാഴ്ചബംഗ്ലാവും വകുപ്പ് തിരുവനന്തപുരത്ത് ആധുനികവും ശാസ്ത്രീയവുമായ ഒരു ആർട്ട് ഗ്യാലറിയും വയനാട്ടിൽ അവിടത്തെ തദ്ദേശീയ ജീവിതവും സംസ്കാരവും പ്രദർശിപ്പിക്കുന്നതിന് ഒരു കേന്ദ്രവും കോഴിക്കോട് കൃഷ്ണമേനോൻ മ്യൂസിയത്തിന്റെ ഭാഗമായി ഒരു സാമൂഹിക-ചരിത്ര-സാംസ്കാരിക മ്യൂസിയവും തൃത്താലയിൽ ഒരു ഗ്ലാസ്സ് മ്യൂസിയവും സ്ഥാപിക്കുന്നതാണ്.

73. മലബാർ മേഖലയുടെ സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്നതിനായി എന്റെ സർക്കാർ കോഴിക്കോട് ഒരു സാംസ്കാരിക ഗ്രാമം സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നു. സംസ്ഥാനത്തിന്റെ കീഴിലുള്ള വിവിധ കലാ സാംസ്കാരിക അക്കാഡമികളുടെ പ്രവർത്തനങ്ങൾ മലബാർ മേഖലയിലേയ്ക്ക് കൂടുതൽ ഫലപ്രദമായി വ്യാപിപ്പിക്കുന്നതാണ്. കേരള ലളിത കലാ അക്കാഡമി, കിളിമാനൂരിൽ രാജാരവിവർമ്മയ്ക്ക് ഒരു സ്മാരകം സ്ഥാപിക്കുന്നതാണ്. ശ്രീകണ്ഠപുരത്തെ നെടിയങ്ങയിൽ ഒരു കലാഗ്രാമം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൊണ്ടോട്ടിയിലെ മഹാകവി

മോയിൻകുട്ടി വൈദ്യർ സ്മാരകത്തിൽ മാപ്പിള കലാ അക്കാഡമി സ്ഥാപിക്കുന്നതാണ്. കേരള സംഗീത നാടക അക്കാഡമിയുടെ ആഭിമുഖ്യത്തിൽ കലയ്ക്കും സംസ്കാരത്തിനും വേണ്ടി ഒരു 'സപ്തസ്വര' കേന്ദ്രം കാസറഗോഡ് സ്ഥാപിക്കുന്നതാണ്. കേരള സാഹിത്യ അക്കാഡമി മലയാള ഭാഷയിലും സാഹിത്യത്തിലും ഒരു ആഗോള സമ്മേളനം സംഘടിപ്പിക്കുന്നതാണ്. മദ്ധ്യ തിരുവിതാംകൂറിലെ പ്രാദേശിക കലാരൂപങ്ങളെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കോട്ടയത്തെ വെള്ളാവൂരിൽ കേരള ഫോക്ക്ലോർ അക്കാഡമി ഒരു ഫോക്ക്ലോർ വില്ലേജ് സ്ഥാപിക്കുന്നതാണ്. കഴിഞ്ഞ 9 മാസക്കാലയളവിൽ കേരള കലാമണ്ഡലം പ്രശസ്തിയിൽ ഗണ്യമായ നേട്ടം കൈവരിക്കുകയും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ 12-ബി പദവി നൽകുകയും ചെയ്തിട്ടുണ്ട്. ഈ സുപ്രധാന നേട്ടം അതിനെ ദേശീയ-അന്തർദ്ദേശീയ രംഗങ്ങളിൽ ഒരു പ്രമുഖവും പ്രശസ്തവുമായ അക്കാഡമിക് സ്ഥാപനമായി വളരുവാൻ സഹായിക്കുന്നതാണ്. എന്റെ സർക്കാർ, 'ബി ഒ റ്റി' (BOT) അടിസ്ഥാനത്തിൽ തിരുവനന്തപുരത്ത് ഒരു ഫിലിം

സിറ്റിയും അമ്യൂസ്മെന്റ് പാർക്കും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ, ആലപ്പുഴയിൽ ഒരു തിയേറ്റർ സമുച്ചയവും തിരുവനന്തപുരത്ത് ആധുനിക സംവിധാനത്തോടുകൂടിയ ഒരു ഫെസ്റ്റിവൽ കോംപ്ലക്സും സ്ഥാപിക്കുന്നതാണ്.

**74.** ലോകമെമ്പാടുമുള്ള പ്രവാസി മലയാളി കുട്ടികൾക്ക് മലയാള ഭാഷ പഠിക്കുന്നതിനുള്ള അവസരം ലഭ്യമാക്കുന്നതിന് മുഖ്യമന്ത്രി ചെയർമാനായി രൂപീകരിച്ച സ്വയംഭരണ സ്ഥാപനമായ മലയാളം മിഷന്റെ ആഭിമുഖ്യത്തിൽ വിവിധ പ്രവർത്തനങ്ങൾ നടന്നു വരികയാണ്. മലയാളം സർവ്വകലാശാല സ്ഥാപിക്കുന്നതിന്, ഇതിനായി നിയമിക്കപ്പെട്ട സെപ്ഷ്യൽ ആഫീസറുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം നടപടികൾ സ്വീകരിക്കുന്നതാണ്.

75. ജനാധിപത്യ പ്രക്രിയയുടെ ആക്കം വർദ്ധിപ്പിക്കുന്ന തിലേയ്ക്കുള്ള ഒരു ചുവടുവയ്പ്പ് എന്ന നിലയിൽ പാർലമെന്ററികാര്യ വകുപ്പ് അതിന്റെ "അഷ്വറൻസ്

ഇംപ്ലിമെന്റേഷൻ ഡസ്ക്" (Assurance Implementation Desk) വഴി നിയമസഭയിൽ നല്കുന്ന ഉറപ്പുകൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതാണ്. ഭാരത സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ അടുത്ത വർഷം സംസ്ഥാനത്തൊട്ടാകെയുള്ള സ്കൂളുകളിലും കോളേജുകളിലും പാർലമെന്ററി ലിറ്ററസി ക്ലബ്ബുകൾ സ്ഥാപിക്കുന്നതാണ്. എന്റെ സർക്കാർ, 'യു എൻ' (UN) സഹായത്തോടെ സംസ്ഥാനത്തൊട്ടാകെയുള്ള എല്ലാ സ്കൂളുകളിലും കോളേജുകളിലും മനുഷ്യാവകാശ വിദ്യാഭ്യാസം കൊണ്ടുവരുവാൻ ഉദ്ദേശിക്കുന്നു.

**76.** സംസ്ഥാനത്ത് നീതിനിഷ്ഠമായ ഒരു സമൂഹം കെട്ടിപ്പടുക്കുന്നതിൽ ചരിത്രപരമായി മഹത്തായ പങ്ക് വഹിച്ചു കൊണ്ടും ജനാധിപത്യ പാരമ്പര്യത്തിന് ആക്കംകൂട്ടുകയും കൂടുതൽ സുതാര്യമാക്കുകയും ചെയ്തുകൊണ്ടും അനുഗ്രഹമായ സംസ്ഥാനത്തിന്റെ നീതിന്യായവ്യവസ്ഥയിൽ കേരള ജനത അഭിമാനം കൊള്ളുന്നു. എന്റെ സർക്കാർ, സംസ്ഥാനത്തെ നീതിന്യായസ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ പ്രതിജ്ഞാബദ്ധവും ജനങ്ങൾക്ക് ലളിതമായ മാർഗ്ഗത്തിലൂടെ നീതി ലഭ്യമാക്കുന്നത്

ഉറപ്പാക്കുന്നതിനായി ആവശ്യമുള്ളിടത്തെല്ലാം പുതിയ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് നടപടിയെടുക്കുന്നതുമാണ്.

**77.** നിയമവകുപ്പ്, സംസ്ഥാന നിയമ സെക്രട്ടേറിയറ്റിനു വേണ്ടി ഒരു ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റവും (LIMS) സർക്കാരിന് നിയമസേവനങ്ങൾ കൂടുതൽ ഫല പ്രദമായി നിർവ്വഹിക്കുന്നതിലേയ്ക്ക് സംസ്ഥാനത്തെ നിയമ ആഫീസുകൾക്കുവേണ്ടി "കോർട്ട് കേസ് മോണിറ്ററിംഗ് സൊല്യൂഷനും" (CCMS)-സ്ഥാപിക്കുന്നതാണ്.

78. പൗരന്മാരിൽ നിന്നും പ്രതികരണം ആരായുന്ന ഒരു നടപടി എന്ന നിലയിൽ എന്റെ സർക്കാർ, 'ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് ' വകുപ്പിൽ, സർക്കാർ നയങ്ങളെയും പരിപാടികളെയും സംബന്ധിച്ച പൊതു ജനങ്ങളുടെ പ്രതികരണം സ്വതന്ത്ര ഏജൻസികൾ വഴി അഭിപ്രായവോട്ടെടുപ്പുകളും സർവ്വേകളും മുഖേന ശേഖരിക്കുന്നതിനായി ഒരു സംവിധാനം കൊണ്ടുവരുന്നതാണ്. വിവിധ സർക്കാർ പരിപാടികളുടെ ഫലപ്രദമായ പ്രചാരണത്തിനായി ഓരോ ജില്ലാ ആസ്ഥാനങ്ങളിലും 'വീഡിയോ വാൾ' (Video Wall) ശൃംഖല സ്ഥാപിക്കുക,

സംസ്ഥാനത്ത് ഒരു 'മീഡിയാ സിറ്റി' ആരംഭിക്കുക എന്നിങ്ങനെ രണ്ടു സ്വപ്ന പദ്ധതികളാണ് വകുപ്പ് ഈ വർഷം ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത്. കോട്ടയത്തെ, 'ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാസ്സ് കമ്മ്യൂണിക്കേഷന്റെ' പ്രവർത്തനങ്ങൾ അത് താൽക്കാലികമായി സ്ഥാപിച്ചിട്ടുള്ള എം.ജി. സർവ്വകലാശാലാ കാമ്പസ്സിൽ ഈ വർഷം തന്നെ ആരംഭിക്കുന്നതാണ്. ഇൻസ്റ്റിറ്റ്യൂട്ടിനായി സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ഇതിനകം തന്നെ സ്വീകരിച്ചിട്ടുണ്ട്.

**79.** വികസനപ്രക്രിയയിൽ കഠിനവും ക്ലേശകരവുമായ പരിശ്രമങ്ങൾ ആവശ്യമാണെന്ന് എന്റെ സർക്കാരിന് ബോദ്ധ്യമുണ്ട്. മാറ്റത്തിന്റെ ഈ കാലഘട്ടത്തിൽ, ഇനിയും സമയം പാഴാക്കാതെ, നീതിപൂർവ്വകമായ ഒരു സമഗ്ര വികസനത്തെ വരവേൽക്കുന്നതിന് ഒരു പുതിയ വിശ്വാസപ്രമാണം ആവശ്യമാണ്. ആധുനിക കാലത്തെ വെല്ലുവിളികൾ നേരിടുന്ന കാര്യത്തിൽ പ്രസക്തി നഷ്ടമായ പഴകിയ വിശ്വാസത്തോടും തത്ത്വശാസ്ത്രങ്ങളോടുമുള്ള ആഭിമുഖ്യം ഈ ലക്ഷ്യത്തിൽനിന്ന് നമ്മെ വ്യതിചലിപ്പിക്കുവാൻ മാത്രമേ ഉപകരിക്കുകയുള്ളൂ. മാറ്റത്തിനോടുള്ള ഭീതിയോ വൈമുഖ്യമോ നമ്മെ മന്ദഗതിയിലാക്കുവാൻ

അനുവദിക്കരുത്. കാരണം അവ വികസനത്തെ മുരടിപ്പിക്കുവാനും തടസ്സപ്പെടുത്തുവാനും മാത്രമേ ഉപകരിക്കുകയുള്ളൂ. നമ്മുടെ സംസ്ഥാനത്തിന്റെ വികസനത്തിനും അഭിവൃദ്ധിക്കും കാരണമാകുന്ന ഏതു നല്ലകാര്യവും ചെയ്യുന്നതിനുള്ള ഇച്ഛാശക്തിയും അർപ്പണബോധവും സർക്കാരിനുണ്ടെന്ന് എന്റെ സർക്കാർ കഴിഞ്ഞ ഒൻപതുമാസങ്ങളിൽ വ്യക്തമായി തെളിയിച്ചിട്ടുണ്ട്. കേരളത്തിന്റെ വികസനം കൈവരിക്കുന്നതും സംസ്ഥാനത്തിന്റെ മുന്നിലുള്ള വെല്ലുവിളികൾ നേരിടുന്നതും ഏറ്റുമുട്ടലിന്റെ പാതയിലൂടെയുള്ള ഒന്നായിരിക്കാൻ പാടുള്ളതല്ല എന്നുപറയേണ്ടതില്ല. മറിച്ച്, അതു നേടിയെടുക്കേണ്ടത് നമ്മുടെ എല്ലാവിഭാഗം ജനങ്ങളുടെയും സഹവർത്തിത്വത്തിന്റെയും സന്മനസിന്റെയും ഉറച്ച അടിത്തറയിലായിരിക്കേണ്ടതാണ്. സംസ്ഥാനത്തിന്റെ വിശാല താൽപ്പര്യത്തിനായി സങ്കുചിതമായ അഭിപ്രായവ്യത്യാസങ്ങൾ മാറ്റിവച്ചേ മതിയാകൂ. നമ്മുടെ സംസ്ഥാനത്തിനായി സാമ്പത്തിക വികസനത്തിന്റെയും സാമൂഹ്യനീതിയുടെയും പുതിയ ഒരു അദ്ധ്യായം നമുക്കൊരുമിച്ച് എഴുതിച്ചേർക്കാം.

ജയ്ഹിന്ദ്